VOL NO: 08 I ISSUE 23
2024 JUNE 08 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



അധികാരദുർവിനിയോഗത്തിനും അഴിമതിക്കും വർഗീയതക്കുമേറ്റ ശക്തമായ തിരിച്ചടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം. ജനാധിപത്യത്തെയും മതനിരപേക്ഷതയെയും കാറ്റിൽപറത്തി സ്വേച്ഛാധിപത്യത്തിന്റെ നഖങ്ങളായിരുന്നു കഴിഞ്ഞ പത്തുവർഷം രാജ്യത്തെ അടക്കിഭരിച്ചത്. മതസ്വാതന്ത്ര്യത്തെ ഗളഹസ്തം ചെയ്തും സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളെ ഉന്മൂലനം ചെയ്തും പ്രതിപക്ഷ സ്വരങ്ങളെ ഇല്ലാതാക്കിയും രാജ്യത്തെ ഒരു ഹിന്ദുത്വ രാഷ്ട്രമാക്കാനുള്ള ശ്രമങ്ങളായിരുന്നു ഇതുവരെയും കണ്ടത്. ഇന്ത്യൻ ജനതയുടെ കരുത്തുറ്റ ജനാധിപത്യ ബോധത്തിന് മുന്നിൽ അവയെല്ലാം തകർന്നു തരിപ്പണമായി. ഇന്ത്യാ മുന്നണി രാജ്യത്തെ ത്രസിപ്പിച്ചിരിക്കുന്നു. മതനിരപേക്ഷ മണ്ണിനെ നെറുകെ പിളർത്താനുള്ള സംഘ്പരിവാറിനുള്ള ശക്തമായ താക്കീതാണ് ഭാരതം നൽകിയിരിക്കുന്നത്.

# ത്രസിപ്പിച്ച് ‘ഇന്ത്യ’ താക്കീത് നൽകി ഭാരതം

## ബലിപെരുന്നാൾ

|| ഹജ്ജിന്റെ കർമങ്ങൾ; ലഘുവിവരണം
|| ദാമ്പത്യജീവിതത്തിലെ അസ്വാരസ്യങ്ങൾ
|| ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ




GET IT ON Google Play

Download on the App Store

## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0385
# നേർപഥം
വാരിക

2024 ജൂൺ 08
1445 ദുൽഹിജ്ജ 01
പുസ്തകം 08 / ലക്കം 23




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




## സുഫ്‌യാൻ അബ്ദുസ്സലാം

അധികാരദുർവിനിയോഗത്തിനും അഴിമതിക്കും വർഗീയതക്കുമേറ്റ ശക്തമായ തിരിച്ചടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം. ജനാധിപത്യത്തെയും മതനിരപേക്ഷതയെയും കാറ്റിൽപറത്തി സ്വേച്ഛാധിപത്യത്തിന്റെ നഖങ്ങളായിരുന്നു കഴിഞ്ഞ പത്തുവർഷം രാജ്യത്തെ അടക്കിഭരിച്ചത്. മതസ്വാതന്ത്ര്യത്തെ ഗളഹസ്തം ചെയ്തും സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളെ ഉന്മൂലനം ചെയ്തും പ്രതിപക്ഷ സ്വരങ്ങളെ ഇല്ലാതാക്കിയും രാജ്യത്തെ ഒരു ഹിന്ദുത്വ രാഷ്ട്രമാക്കാനുള്ള ശ്രമങ്ങളായിരുന്നു ഇതുവരെയും കണ്ടത്. ഇന്ത്യൻ ജനതയുടെ കരുത്തുറ്റ ജനാധിപത്യ ബോധത്തിന് മുന്നിൽ അവയെല്ലാം തകർന്നു തരിപ്പണമായി. ഇന്ത്യാ മുന്നണി രാജ്യത്തെ ത്രസിപ്പിച്ചിരിക്കുന്നു. മതനിരപേക്ഷ മണ്ണിനെ നെറുകെ പിളർത്താനുള്ള സംഘ്പരിവാറിനുള്ള ശക്തമായ താക്കീതാണ് ഭാരതം നൽകിയിരിക്കുന്നത്.

**05** മുഖമൊഴി
അന്നദാതാവിനോട് നന്ദികേട് കാണിക്കരുത്

**06** ലേഖനം
ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**18** ചരിത്രപഥം
'ഐക്യസംഘ'ത്തിൽ നിന്ന് 'കേരള മുസ്‌ലിം ഐക്യസംഘ'ത്തിലേക്ക്
പി.ഒ. ഉമർ ഫാറൂക്വ്, തിരൂരങ്ങാടി

**23** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറ:സ്വാഫ്ഫാത്ത്
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ഹജ്ജിന്റെ കർമങ്ങൾ; ലഘുവിവരണം
ഇഹ്‌ജാസ് ബിൻ ഇസ്മാഈൽ, മസ്‌ക്കത്ത്

**30** കർമപഥം
കാലുറകൾ, തലപ്പാവ്, ബാൻഡേജ് എന്നിവയിൽ തടവൽ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**33** ലേഖനം
ബലിപെരുന്നാൾ
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

**34** വനിതാപഥം
ദാമ്പത്യജീവിതത്തിലെ അസ്വാരസ്യങ്ങൾ
സമീഹ എം. അലി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉറപ്പാക്കാൻ പദ്ധതികൾ വേണം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉറപ്പാക്കാൻ സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്‌കരിക്കണമെന്ന് കോഴിക്കോട് നടന്ന സംസ്ഥാന പ്രവർത്തക സമിതി ആവശ്യപ്പെട്ടു.

ദേശീയ തലത്തിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗം വളരെ പിറകിലായത് സംബന്ധിച്ച് സർക്കാർ പഠന വിധേയമാക്കണം. എസ്എസ്എൽസി, പ്ലസ്ടു റിസൽട്ടിൽ കേരളം മികച്ച നേട്ടം കൈവരിക്കുമ്പോഴും ദേശീയ തലത്തിൽ നടക്കുന്ന മത്സര പരീക്ഷകളിൽ കേരളം പുറകോട്ട് പോകുന്നത് ആശങ്കാജനകമാണ്. പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ ഹൈസ്‌ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്താനുള്ള പദ്ധതികൾ കൊണ്ടുവരണമെന്നും പ്രവർത്തക സമിതി ആവശ്യപ്പെട്ടു.

പ്ലസ്ടു സീറ്റുകൾ കുറവുള്ള ജില്ലകളിൽ നിലവിലുള്ള സ്കൂളുകളിലെ സീറ്റുകൾ വർധിപ്പിക്കുന്നതിന് പകരം പുതിയ ബാച്ചുകൾ അനുവദിക്കുകയും പ്ലസ്ടു ഇല്ലാത്ത സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുവാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. മുൻകാലങ്ങളിൽ പ്ലസ് ടു സ്കൂളുകൾ അനുവദിച്ചതിലുള്ള വിവേചനം അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാകണം.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പിഎൻ അബ്ദുല്ലത്തീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, സംസ്ഥാന ജനറൽ സെക്രട്ടറി ടികെ അഷ്‌റഫ്, അബൂബക്കർ സലഫി, ഫൈസൽ മൗലവി, സിപി സലീം, കെ.സജ്ജാദ്, ഷെരീഫ് ഏലാങ്കോട്, പിഎം ഷാഹുൽ ഹമീദ്, വെൽകം അഷ്‌റഫ്, പിയു സുഹൈൽ, അബ്ദുല്ല ഫാസിൽ, കെ സി അയ്യൂബ്, നബീൽ രണ്ടത്താണി, റഷീദ് കൊടക്കാട്ട്, കെഎം ഹൈദരലി, റഷീദ് മാസ്റ്റർ കാരപ്പുറം, റിയാസ് തൃശ്ശൂർ, നസീർ തിരുവനന്തപുരം, നിസാർ കരുനാഗപ്പള്ളി, അബ്ദുറസാഖ് അത്തോളി എന്നിവർ പ്രസംഗിച്ചു. ■

# ‘അൽഫലാഹ്’ മദ്റസ പ്രവേശനോദ്ഘാടനങ്ങൾ വർണാഭമായി

കോഴിക്കോട്: സത്യത്തെ അസത്യമായും ധർമത്തെ അധർമമായും വ്യാഖ്യാനിക്കുന്ന ഈ കാലത്ത് നെല്ലും പതിരും വേർതിരിച്ചറിയണമെങ്കിൽ ചെറുപ്രായത്തിൽതന്നെ അടിസ്ഥാന മതവിദ്യാഭ്യാസം നേടൽ അനിവാര്യമാണ്. മദ്റസകളിലൂടെയാണ് ഈ ദൗത്യം ഫലപ്രദമായി നിർവഹിക്കപ്പെടുന്നത്. വിസ്ഡം വിദ്യാഭ്യാസ ബോർഡ് വലിയ മുന്നൊരുക്കമാണ് ഇപ്രാവശ്യത്തെ നവാഗതരെ സ്വാഗതം ചെയ്യാനായി മദ്റസകളിൽ ഒരുക്കിയത്.

ജൂൺ 1ന് ശനിയാഴ്ച രാവിലെ 7.30ന് സംസ്ഥാനതല പ്രവേശനോദ്ഘാടനം അൽഫലാഹ് എന്ന പേരിൽ പുളിക്കൽ അന്നൗറ ഇസ്‌ലാമിക് കാമ്പസിൽ വെച്ച് നടന്നു.

‘അക്ഷരപ്പൂന്തോപ്പിൽ കൈകോർത്തു നീങ്ങാം’ എന്ന കാപ്ഷനിൽ നടന്ന പ്രോഗ്രാമിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, പി.കെ.സി അബ്ദുറഹ്മാൻ, മുഹമ്മദ് മാസ്റ്റർ, റഷീദ് മാസ്റ്റർ കാരപ്പുറം, ഷമീൽ മഞ്ചേരി, ഹുസൈൻ കാവനൂർ, ഡോ. അബ്ദുൽ ഖാദർ എന്നിവർ പങ്കെടുത്തു. സംസ്ഥാനത്തെ എല്ലാ മദ്റസകളിലും പ്രവേശനോദ്ഘാടനം ഭംഗിയായി നടന്നു. ■

# അന്നദാതാവിനോട് നന്ദികേട് കാണിക്കരുത്

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ അതിവിശിഷ്ടമായ ഗുണ വിശേഷണങ്ങളിലൊന്നാണ് ഉപജീവനം നൽകുന്നവൻ എന്നത്. മനുഷ്യനും ഇതര ജീവജാലങ്ങളും ഉപജീവനം ആവശ്യമുള്ളവരാണ്. അവയ്ക്ക് വേണ്ട അന്നപാനീയങ്ങൾ ഈ ലോകത്ത് സംവിധാനിക്കപ്പെടുന്നില്ലെങ്കിൽ അവയൊക്കെയും നശിച്ചു പോകുമെന്നതിൽ സംശയമില്ല.

എന്നാൽ രൂക്ഷമായ ഭക്ഷ്യക്ഷാമം നേരിട്ടാൽ നാം എന്തു ചെയ്യും? ജീവന്റെ തുടിപ്പിന് അനിവാര്യമായ മഴ ഇല്ലാതായാൽ നാം ആരോട് പരാതി പറയും? ആര് നമ്മെ സഹായിക്കും? നിലം ഉഴുതുമറിച്ച് വിത്തിറക്കി വെള്ളവും വളവുമൊക്കെ നൽകിയിട്ടും വിത്തു മുളച്ചില്ലെങ്കിലോ? കർഷകർക്ക് പ്രതീക്ഷയും ആനന്ദവും നൽകിയ കൃഷി വിളവെടുക്കാൻ കഴിയാതെ നശിച്ചുപോയാലോ? നാം ആരോട് സങ്കടം ബോധിപ്പിക്കും? നമ്മുടെ വിഷമതകളകറ്റാൻ ആർക്കാണ് കഴിയുക? കോടാനുകോടി ജീവജാലങ്ങൾക്ക് ഉപജീവനം നൽകാൻ ആർക്കാണ് സാധിക്കുക? സംശയമില്ല, സർവശക്തനായ അല്ലാഹുവിനു മാത്രമെ നമ്മെ സഹായിക്കാൻ കഴിയൂ! നബി(സ്വ)യും അനുചരൻമാരും വരൾച്ച ബാധിച്ച ഘട്ടത്തിൽ സർവശക്തനായ അല്ലാഹുവിനോട് മഴക്കുവേണ്ടി പ്രാർഥിക്കുകയും മഴ ലഭിക്കുകയും ചെയ്ത നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. മഴക്കുവേണ്ടി പ്രത്യേക പ്രാർഥനയും നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

അല്ലാഹു ചോദിക്കുന്നത് കാണുക: "എന്നാൽ നിങ്ങൾ കൃഷി ചെയ്യുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ചു വളർത്തുന്നത്. അതല്ല നാമാണോ, അത് മുളപ്പിച്ച് വളർത്തുന്നവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് (വിള) നാം തുരുമ്പാക്കിത്തീർക്കുമായിരുന്നു. അപ്പോൾ നിങ്ങൾ അതിശയപ്പെട്ടു പറഞ്ഞുകൊണ്ടേയിരിക്കുമായിരുന്നു; തീർച്ചയായും ഞങ്ങൾ കടബാധിതർ തന്നെയാകുന്നു. അല്ല, ഞങ്ങൾ (ഉപജീവന മാർഗം) തടയപ്പെട്ടവരാകുന്നു എന്ന്"(ക്വുർആൻ 56:63-67).

വീണ്ടും അല്ലാഹു ചോദിക്കുന്നു: "ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കിയത്, അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?" (ക്വുർആൻ 56:68-70).

വിവിധയിനം സസ്യലതാദികളും കായ്കനികളും ഉൽപാദിപ്പിച്ചു തരുന്നവൻ സർവശക്തനായ അല്ലാഹുവല്ലാതെ മറ്റാരാണ്? "എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ച് നോക്കട്ടെ. നാം ശക്തിയായി മഴവെള്ളം ചൊരിഞ്ഞുകൊടുത്തു. പിന്നീട് നാം ഭൂമിയെ ഒരു തരത്തിൽ പിളർത്തി, എന്നിട്ട് അതിൽ നാം ധാന്യം മുളപ്പിച്ചു. മുന്തിരിയും പച്ചക്കറികളും ഒലീവും ഈന്തപ്പനയും ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും. പഴവർഗവും പുല്ലും. നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്" (ക്വുർആൻ 80:24-32).

ആ അന്നദാതാവ് ആരുടെയും ആശ്രയമാവശ്യമില്ലാത്ത സർവശക്തനാണ്. ഈ അനുഗ്രഹങ്ങൾക്കെല്ലാമുള്ളനന്ദിസൂചകമായി അവനെ മാത്രം ആരാധിക്കണമെന്നും അവനോട് മാത്രം പ്രാർഥിക്കണമെന്നുമാണ് അവൻ നമ്മോട് കൽപിക്കുന്നത്.

സ്രഷ്ടാവ് നൽകിയ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് സൃഷ്ടികൾക്ക് ആരാധനകളർപ്പിക്കുന്നതും ആ സ്രഷ്ടാവിനെത്തന്നെ നിഷേധിക്കുന്നതും വ്യക്തമായ നന്ദികേടാണെന്നതിൽ സംശയമില്ല.

ഡോ. ടി. കെ. യൂസുഫ്
: 9349798262



# ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ 06

**36. ആരാധനാലയങ്ങൾ തകർക്കരുത്**

വ്യക്തികളുടെ ശരീരവും സമ്പത്തും പോലെത്തന്നെ അവരുടെ ആരാധനാസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ആരാധന തടയുന്നതും ആരാധനാലയങ്ങൾ തകർക്കുന്നതും ഏറ്റവും വലിയ അക്രമമായിട്ടാണ് ക്വുർആൻ കാണുന്നത്. അല്ലാഹു പറയുന്നു:

“അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം പ്രകീർത്തിക്കപ്പെടുന്നതിന് തടസ്സമുണ്ടാക്കുകയും അവയുടെ (പള്ളികളുടെ) തകർച്ചയ്ക്കായി ശ്രമിക്കുകയും ചെയ്തവനെക്കാൾ

വലിയ അതിക്രമകാരി ആരുണ്ട്? ഭയപ്പാടോടുകൂടിയല്ലാതെ അവർക്ക് ആ പള്ളികളിൽ പ്രവേശിക്കാവതല്ലായിരുന്നു. അവർക്ക് ഇഹലോകത്ത് നിന്ദ്യതയാണുള്ളത്. പരലോകത്താകട്ടെ കഠിനശിക്ഷയും" (2:114).

ഇസ്‌ലാമിക സന്ദേശത്തിന്റെ വ്യാപനാർഥം മുസ്‌ലിംകൾ അറേബ്യൻ ഉപദ്വീപിന്റെ വിവിധ ഭാഗങ്ങളിലേക്ക് പുറപ്പെട്ട സന്ദർഭങ്ങളിൽ അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ തകർക്കരുതെന്ന് നബി(സ) പ്രത്യേകം നിർദേശം നൽകിയിരുന്നു.

### 37. മതപരിവർത്തനത്തിന് നിർബന്ധിക്കരുത്

മതപ്രബോധനം വിശ്വാസികളുടെ ബാധ്യതയാണെങ്കിലും ആളുകളെ നിർബന്ധിച്ച് മതത്തിൽ ചേർക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല. സത്യസന്ദേശം അറിയിച്ചുകൊടുക്കുകയും അത് തെരഞ്ഞെടുക്കാൻ അവർക്ക് അവസരം നൽകുകയുമാണ് വേണ്ടത്. സത്യമാർഗം സുവിദിതമായിരിക്കെ ബലപ്രയോഗത്തിന്റെ ആവശ്യമില്ലെന്നാണ് ക്വുർആൻ പറയുന്നത്.

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായിവേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:256).

### 38. അശുദ്ധമായത് ആഹരിക്കരുത്

മനുഷ്യന്റെ ആരോഗ്യസംരക്ഷണത്തിന് അനിവാര്യമായ ഭക്ഷണരീതിയാണ് ഇസ്‌ലാം നിർദേശിക്കുന്നത്. രോഗത്തിന് കാരണമായിത്തീരുന്ന ഭക്ഷ്യവസ്തുക്കൾ വർജിക്കാനാണ് ക്വുർആൻ കൽപിക്കുന്നത്. ജാഹിലിയ്യ കാലത്ത് ആളുകൾ ചത്ത മൃഗങ്ങളുടെ ഭക്ഷണം കഴിച്ചിരുന്നു. ഒരു മൃഗം ചാവുന്നത് സാധാരണഗതിയിൽ വല്ല രോഗവും

> മതപ്രബോധനം വിശ്വാസികളുടെ ബാധ്യതയാണെങ്കിലും ആളുകളെ നിർബന്ധിച്ച് മതത്തിൽ ചേർക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല. സത്യസന്ദേശം അറിയിച്ചുകൊടുക്കുകയും അത് തെരഞ്ഞെടുക്കാൻ അവർക്ക് അവസരം നൽകുകയുമാണ് വേണ്ടത്. സത്യമാർഗം സുവിദിതമായിരിക്കെ ബലപ്രയോഗത്തിന്റെ ആവശ്യമില്ലെന്നാണ് ക്വുർആൻ പറയുന്നത്.



ബാധിച്ചതുകൊണ്ടായിരിക്കുമല്ലോ, ഇങ്ങനെ ചാവുന്ന മൃഗങ്ങളുടെ മാംസത്തിൽ രോഗാണുക്കളുടെ സാന്നിധ്യമുണ്ടാകുകയും അത് കഴിക്കുന്നത് അസുഖത്തിനോ മരണത്തിനോ കാരണമായിത്തീരുകയും ചെയ്തേക്കാം. അതുകൊണ്ട് തന്നെ ഇസ്‌ലാം ചത്ത മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നത് അനുവദിക്കുന്നില്ല. അതുപോലെ ഒട്ടേറെ രോഗങ്ങൾക്ക് ഇടവരുത്തുന്ന പന്നിമാംസവും ഇസ്‌ലാം വിലക്കുന്നു. ഇതൊക്കെ നാം കാണുന്ന ഭൗതിക കാരണങ്ങളാണ്. അല്ലാഹുവിന്റെ യുക്തി നമുക്കറിയില്ല. നിഷിദ്ധമായ ആഹാരങ്ങളെക്കുറിച്ചാണ് താഴെ വരുന്ന രണ്ട് വചനങ്ങൾ വ്യക്തമാക്കുന്നത്. അല്ലാഹു പറയുന്നു:

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമെ അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളൂ. ഇനി ആരെങ്കിലും (നിഷിദ്ധമായത് ഭക്ഷിക്കുവാൻ) നിർബന്ധിതനായാൽ

മനുഷ്യന്റെ ആരോഗ്യസംരക്ഷണത്തിന് അനിവാര്യമായ ഭക്ഷണരീതിയാണ് ഇസ്‌ലാം നിർദേശിക്കുന്നത്. രോഗത്തിന് കാരണമായിത്തീരുന്ന ഭക്ഷ്യവസ്തുക്കൾ വർജിക്കാനാണ് ക്വുർആൻ കൽപിക്കുന്നത്. ജാഹിലിയ്യ കാലത്ത് ആളുകൾ ചത്ത മൃഗങ്ങളുടെ ഭക്ഷണം കഴിച്ചിരുന്നു. ഒരു മൃഗം ചാവുന്നത് സാധാരണഗതിയിൽ വല്ല രോഗവും ബാധിച്ചതുകൊണ്ടായിരിക്കുമല്ലോ, ഇങ്ങനെ ചാവുന്ന മൃഗങ്ങളുടെ മാംസത്തിൽ രോഗാണുക്കളുടെ സാന്നിധ്യമുണ്ടാകുകയും അത് കഴിക്കുന്നത് അസുഖത്തിനോ മരണത്തിനോ കാരണമായിത്തീരുകയും ചെയ്തേക്കാം. അതുകൊണ്ട് തന്നെ ഇസ്‌ലാം ചത്ത മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നത് അനുവദിക്കുന്നില്ല.

അവന്റെ മേൽ കുറ്റമില്ല. (എന്നാൽ) അവൻ നിയമലംഘനത്തിനു മുതിരാതിരിക്കുകയും (അനിവാര്യതയുടെ) പരിധി കവിയാതിരിക്കുകയും വേണം. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (2:173).

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കു മുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു. അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). അതൊക്കെ അധർമമാകുന്നു. ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുകയാണ്. അതിനാൽ അവരെ നിങ്ങൾ പേടിക്കേണ്ടതില്ല. എന്നെ നിങ്ങൾ പേടിക്കുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം (നിഷിദ്ധമായത്) തിന്നുവാൻ നിർബന്ധിതനാകുന്നപക്ഷം അവൻ അധർമത്തിലേക്ക് ചായ്‌വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു" (5:3).

### 39. മദ്യപിക്കരുത്, ചൂതാട്ടം നടത്തരുത്

മദ്യം വിഷമാണെന്നും അത് ഒട്ടേറെ സാമൂഹ്യവിപത്തുകൾക്ക് വഴിവെക്കുമെന്നുമെന്നുമുള്ള വസ്തുത ഇന്ന് പരിഷ്കൃത സമൂഹത്തെ പറഞ്ഞറിയിക്കേണ്ടതില്ല. സമൂഹത്തിന്റെ സാമ്പത്തിക സുസ്ഥിതിയുടെ നട്ടെല്ലൊടിക്കുന്ന ചൂതാട്ടം പോലുള്ള ധനാഗമന മാർഗങ്ങളും ക്വുർആൻ വിരോധിച്ച കാര്യങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു:

"(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്..." (2:219).

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (5:90).

### 40. പലിശ മുതൽ തിന്നരുത്

അദ്ധ്വാനമില്ലാതെ, സാമ്പത്തിക ചൂഷണത്തിലൂടെ നേടുന്ന പലിശ ഇന്ന് സമൂഹത്തിൽ പടർന്ന് പിടിച്ചിരിക്കുകയാണ്. സാമ്പത്തിക

രംഗത്ത് മൂല്യശോഷണത്തിനും ഒട്ടേറെ വിപത്തുകൾക്കും ഇത് കാരണമായിത്തീരുന്നുണ്ട്. മനുഷ്യത്വരഹിതമായ ഇത്തരം ഇടപാടുകൾ ഇസ്‌ലാം അല്പം പോലും അനുവദിക്കുന്നില്ല. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം” (3:130).

പലിശ തിന്നുന്നവർക്കുള്ള ശിക്ഷയും ഖുർആൻ വിവരിക്കുന്നുണ്ട്: “പലിശ തിന്നുന്നവർ പിശാചു ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശപോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടിയിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയിൽനിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്കുതന്നെ) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല” (2:276).



**41. കൊലപാതകം അരുത്**

സമൂഹത്തിൽ കൊലപാതകങ്ങൾ നാൾക്കുനാൾ വർധിച്ചുവരികയാണ്. പലപ്പോഴും നിസ്സാര കാരണങ്ങളാണ് കൊലപാതകത്തിൽ എത്താറുള്ളത്. ജീവൻ പവിത്രമായതുകൊണ്ടും അത് നൽകാൻ സ്രഷ്ടാവിനല്ലാതെ മറ്റാർക്കും കഴിയാത്തതുകൊണ്ടും കൊലപാതകത്തെ വൻപാപങ്ങളിലാണ് ഇസ്‌ലാം എണ്ണുന്നത്.

“അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്. അക്രമത്തിനു വിധേയനായി വല്ലവനും കൊല്ലപ്പെടുന്ന പക്ഷം അവന്റെ അവകാശിക്ക് നാം (പ്രതികാരം ചെയ്യാൻ) അധികാരം വെച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അവൻ കൊലയിൽ അതിരുകവിയരുത്. തീർച്ചയായും അവൻ സഹായിക്കപ്പെടുന്നവനാകുന്നു” (17:33).

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം കൊലപ്പെടുത്തുന്നപക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവന്നുവേണ്ടി അല്ലാഹു ഒരുക്കിവെച്ചുട്ടുള്ളത്” (4:93)

**42. വ്യഭിചരിക്കരുത്**

എയിഡ്സ് പോലുള്ള മാരകരോഗങ്ങളുടെ ഏറ്റവും പ്രധാന കാരണങ്ങളിലൊന്ന് വ്യഭിചാരവും വഴിവിട്ട ലൈംഗികബന്ധങ്ങളുമാണ്. നിയമാനുസൃതമല്ലാത്ത ബന്ധങ്ങൾ വേറെയും ഒട്ടനവധി രോഗങ്ങൾക്ക് വഴിയൊരുക്കാറുണ്ട്. വിവാഹബന്ധവും വിവാഹേതരബന്ധവും തമ്മിൽ ഭൗതിക കാഴ്ചപ്പാടിൽ വ്യത്യാസമൊന്നുമില്ലെങ്കിലും രോഗങ്ങൾ പൊതുവെ കുത്തഴിഞ്ഞ ലൈംഗികതയുള്ളവരിൽ മാത്രമെ കാണപ്പെടുന്നുള്ളൂ.

“നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു” (17:32).



സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

# ത്രസിപ്പിച്ച് 'ഇന്ത്യ' താക്കീത് നൽകി ഭാരതം

**അധികാരദുർവിനിയോഗത്തിനും അഴിമതിക്കും വർഗീയതക്കുമേറ്റ ശക്തമായ തിരിച്ചടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം. ജനാധിപത്യത്തെയും മതനിരപേക്ഷതയെയും കാറ്റിൽപറത്തി സ്വേച്ഛാധിപത്യത്തിന്റെ നഖങ്ങളായിരുന്നു കഴിഞ്ഞ പത്തുവർഷം രാജ്യത്തെ അടക്കിഭരിച്ചത്. മതസ്വാതന്ത്ര്യത്തെ ഗളഹസ്തം ചെയ്തും സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളെ ഉന്മൂലനം ചെയ്തും പ്രതിപക്ഷ സ്വരങ്ങളെ ഇല്ലാതാക്കിയും രാജ്യത്തെ ഒരു ഹിന്ദുത്വ രാഷ്ട്രമാക്കാനുള്ള ശ്രമങ്ങളായിരുന്നു ഇതുവരെയും കണ്ടത്. ഇന്ത്യൻ ജനതയുടെ കരുത്തുറ്റ ജനാധിപത്യ ബോധത്തിന് മുന്നിൽ അവയെല്ലാം തകർന്നു തരിപ്പണമായി. ഇന്ത്യാ മുന്നണി രാജ്യത്തെ ത്രസിപ്പിച്ചിരിക്കുന്നു. മതനിരപേക്ഷ മണ്ണിനെ നെറുകെ പിളർത്താനുള്ള സംഘ്പരിവാറിനുള്ള ശക്തമായ താക്കീതാണ് ഭാരതം നൽകിയിരിക്കുന്നത്.**

ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി നേതൃത്വം നൽകുന്ന എൻഡിഎക്ക് ഭൂരിപക്ഷം ലഭിച്ചുവെങ്കിലും എക്സിറ്റ് പോളുകളും ബിജെപി കേന്ദ്രങ്ങളും പ്രചരിപ്പിച്ച വിജയത്തിന്റെ അടുത്തൊന്നും അവർക്ക് എത്താനായില്ല. ഇന്ത്യാമുന്നണിയുടെ അതിശക്തമായ മുന്നേറ്റത്തിൽ വാരാണസിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭൂരിപക്ഷത്തിന് പോലും കനത്ത ഇടിവാണ് ഉണ്ടായിട്ടുള്ളത്. സ്മൃതി ഇറാനി അടക്കമുള്ള ബിജെപി നേതാക്കളിൽ പലർക്കും പരാജയത്തിന്റെ കയ്പുനീർ നുകരേണ്ടിവന്നു. പ്രചണ്ഡമായ വർഗീയ പ്രചാരണങ്ങൾ അഴിച്ചുവിട്ട്, പ്രതിപക്ഷ പാർട്ടികളുടെ അക്കൗണ്ടുകൾ മരവിപ്പിച്ച്, നേതാക്കളെ ജയിലിലടച്ച് ശക്തമായ അധികാര ദുർവിനിയോഗം നടത്തിയായിരുന്നു നരേന്ദ്രമോദി രാജ്യം ഭരിച്ചിരുന്നത്. ജനാധിപത്യത്തെ കുഴിച്ചുമൂടി, വർഗീയത ഇളക്കിവിട്ട്, മുഴുവൻ മാതൃകാപെരുമാറ്റച്ചട്ടങ്ങളും ലംഘിച്ച മോദിയെ അടക്കിനിർത്താൻ തെരഞ്ഞെടുപ്പ് കമ്മീഷനു പോലും സാധിച്ചിരുന്നില്ല. കൂട്ടിലടക്കപ്പെട്ട തത്തയെപ്പോലെ പെരുമാറിയിരുന്ന കമ്മീഷനും ഈ തെരഞ്ഞെടുപ്പ് ഒരു പ്രഹരമായിരിക്കുന്നു.

2019ൽ സ്വന്തമായി 303 സീറ്റുകൾ നേടിയ ബിജെപിക്ക് 63 എണ്ണ



മാണ് ഇത്തവണ നഷ്ടപ്പെട്ടത്. 52 സീറ്റുകൾ മാത്രം ലഭിച്ചിരുന്ന കോൺഗ്രസ് ആവട്ടെ ഇത്തവണ 99 സീറ്റുകൾ നേടി കരുത്ത് തെളിയിച്ചിരിക്കുന്നു. 2014, 2019 തെരഞ്ഞെടുപ്പുകളിൽ യഥാക്രമം നാല് ലക്ഷത്തിനടുത്തും (3,71,784) അഞ്ച് ലക്ഷത്തിനടുത്തും (4,79,505) ഭൂരിപക്ഷം നേടിയിരുന്ന നരേന്ദ്രമോദിക്ക് ഇത്തവണ ലഭിച്ച ഭൂരിപക്ഷം ഒന്നര ലക്ഷം മാത്രമാണ് എന്നത് മോദിയുടെ വ്യക്തിത്വത്തിനും കടുത്ത വർഗീയ ഹിന്ദുത്വ നിലപാടുകൾക്കുമേറ്റ കനത്ത തിരിച്ചടിയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല. 'ചാർ സൗ പാർ' പ്രഖ്യാപനം നടത്തി തങ്ങൾ നാനൂറിലധികം സീറ്റുകൾ വാരുമെന്നും തന്റെ ഭൂരിപക്ഷം ആറു ലക്ഷം കവിയുമെന്നും വീരവാദം മുഴക്കിയ മോദിക്ക് വാരാണസിയിലെ ജനങ്ങൾ നൽകിയ മറുപടി ഇന്ത്യാചരിത്രത്തിലെ അവിസ്മരണീയ ഏടായി നിലനിൽക്കും.

ബിജെപി മുഴക്കിയ അവകാശവാദങ്ങളെ ശരിവയ്ക്കുന്ന വിധത്തിലായിരുന്നു മഹാഭൂരിപക്ഷം എക്സിറ്റ് പോളുകളും. കഴിഞ്ഞ പത്തു വർഷക്കാലത്തെ 'ഭയപ്പെടുത്തി അരുക്കാക്കുക' എന്ന നിലപാടിലൂടെ ഹിന്ദി ഹൃദയഭൂമിയിലെ ഭൂരിപക്ഷം മാധ്യമങ്ങളെയും വിലക്കെടുത്ത മോദിക്ക് വഴങ്ങി യാഥാർഥ്യങ്ങളുടെ നേർക്ക് കണ്ണടച്ച് സ്വേച്ഛാധിപത്യത്തെ സർവാത്മനാ വാഴ്ത്തുകയും സർക്കാരിനെതിരെ വന്ന വിമർശനങ്ങളെ മുഖവിലക്കെടുക്കാതെ അവിടെയെല്ലാം സർക്കാരിനെ വെള്ളപൂശാൻ ശ്രമിച്ച മാധ്യമസ്ഥാപനങ്ങൾ തന്നെയാണ് എക്സിറ്റ് പോളുകൾക്കും വലിയ ആവേശം നൽകിയത്. ഇലക്ടറൽ ബോണ്ടിനെ കുറിച്ചോ, ബെൻസ്വാരയിലും മറ്റും നടത്തിയ മുസ്‌ലിം വിരുദ്ധ പരാമർശങ്ങളെ കുറിച്ചോ, സംവരണത്തെ കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ കളവുകളെ കുറിച്ചോ ഒരു പരാമർശമോ ചർച്ചയോ നടത്താൻ മടിച്ച മാധ്യമങ്ങൾ തങ്ങൾക്ക് ലഭിക്കുന്ന ഇറച്ചിക്കഷ്ണങ്ങൾക്കുവേണ്ടി സത്യത്തെ മൂടിവയ്ക്കാനും അസത്യത്തെ പൊലിപ്പിക്കാനുമായിരുന്നു ശ്രമിച്ചുവന്നത്. ജനങ്ങളുടെ സമ്മതിദാന വിനിയോഗവും അവരുടെ ജനാധിപത്യബോധവും അളക്കാൻ ഇവർക്ക് സാധിച്ചില്ലെന്ന് മാത്രമല്ല, അവരുടെ

വിശ്വാസ്യത പൂർണമായും തകർന്നു തരിപ്പണമാവുകയും ചെയ്തു. ഹിന്ദി മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിലാണ് തങ്ങൾ എക്സിറ്റ് പോളുകൾ തയ്യാറാക്കിയത് എന്ന് ഒരു മലയാളി തെരഞ്ഞെടുപ്പ് ഫല വിദഗ്ധൻ (Psephologist)) നടത്തിയ പ്രസ്താവന എത്രമാത്രം അപഹാസ്യമാണ്! ഇന്ത്യയിലെ അറിയപ്പെടുന്ന സീഫോളജിസ്റ്റ് പ്രദീപ് ഗുപ്ത തങ്ങൾക്ക് തെറ്റിയ തെറ്റിനെ കുറിച്ച് പറഞ്ഞുകൊണ്ട് ചാനലിൽ ഇരുന്നു കരഞ്ഞ കാഴ്ച ഏറെ ചമർപ്പോടെയാണ് പ്രേക്ഷകർ കണ്ടത്. ഇന്ത്യൻ മാധ്യമങ്ങളുടെ കാപട്യവും പൊയ്മുഖവുമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ബിബിസി അടക്കമുള്ള വിദേശ മാധ്യമങ്ങൾ പോലും പ്രതിപക്ഷത്തിന് അനുകൂലമായ ശക്തമായ കാറ്റിനെ കുറിച്ച് പ്രവചിച്ചിരുന്ന സന്ദർഭത്തിലാണ് മോദിക്കും ബിജെപിക്കും വേണ്ടി ഇന്ത്യൻ മാധ്യമങ്ങൾ വീട്ടുവേല ചെയ്തിരുന്നത് എന്നുകൂടി ഓർക്കേണ്ടതുണ്ട്.

'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധത്തിലുള്ള ത്രസിപ്പിക്കുന്ന ചരിത്രദൗത്യമാണ് ഇന്ത്യാ മുന്നണി നിർവഹിച്ചിരിക്കുന്നത്. പത്തുമാസം മാത്രം പ്രായമുള്ള ഇന്ത്യാ മുന്നണിക്ക് ഇത്തരത്തിൽ കരുത്ത് കാണിക്കാൻ സാധിച്ചത് ഇന്ത്യയുടെ ജനാധിപത്യ മതനിരപേക്ഷ സ്വഭാവത്തിന്റെ കരുത്തുകൊണ്ട് മാത്രമാണ്. വ്യക്തിതാല്പര്യങ്ങൾക്ക് വേണ്ടിയും സ്വന്തം പാർട്ടികളുടെ വിജയത്തിനു വേണ്ടിയും മാത്രം പരസ്പരം പോരടിച്ച് മരിച്ചുവീണിരുന്ന ഇന്ത്യയിലെ മതനിരപേക്ഷ കക്ഷികൾക്ക് അവരുടെ തെറ്റ് ബോധ്യപ്പെടാൻ കുറേകാലം വേണ്ടിവന്നെങ്കിലും വൈകിയെങ്കിലും ഉദിച്ച വിവേകം അവർക്ക് ഇത്തവണ ഉപകാരപ്പെട്ടിരിക്കുന്നു. മതത്തിന്റെ വേഷമണിഞ്ഞും വികസനത്തിന്റെ പേരു പറഞ്ഞും രാജ്യഹൃദയത്തിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിക്കുന്ന ഫാസിസത്തിന്റെയും ഥിയോക്രസിയുടെയും വേഷമണിഞ്ഞ ശത്രുക്കളെ തുരത്തിയോടിക്കാൻ മതനിരപേക്ഷശക്തികളുടെ ഐക്യത്തിലൂടെ സാധിക്കുമെന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിച്ചിരിക്കുന്നു. 'ഐകമത്യം മഹാബലം,' 'ഒരുമയാണ് പെരുമ' തുടങ്ങിയ ചൊല്ലുകൾ അന്വർഥമാക്കുന്ന തെരഞ്ഞെടുപ്പ് കൂടിയാണിത്.

കേവലം പത്തുമാസം കൊണ്ട് മാത്രം രൂപപ്പെട്ട ഒരു ഐക്യമാണിത്. ഈ ഐക്യച്ചങ്ങലയിൽനിന്ന് കുതറിമാറിയ ജനാധിപത്യകക്ഷികൾ ഇനിയുമേറെയുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യാമുന്നണി അത്ര വലിയ യന്ത്രഘടന ആയിരുന്നില്ല. 2019ൽ യുപിഎ നേടിയത് കേവലം 91 സീറ്റുകൾ മാത്രമായിരുന്നു.

> 2014, 2019 തെരഞ്ഞെടുപ്പുകളിൽ യഥാക്രമം നാല് ലക്ഷത്തിനടുത്തും (3,71,784) അഞ്ച് ലക്ഷത്തിനടുത്തും (4,79,505) ഭൂരിപക്ഷം നേടിയിരുന്ന നരേന്ദ്രമോദിക്ക് ഇത്തവണ ലഭിച്ച ഭൂരിപക്ഷം ഒന്നര ലക്ഷം മാത്രമാണ് എന്നത് മോദിയുടെ വ്യക്തിത്വത്തിനും കടുത്ത വർഗീയ ഹിന്ദുത്വ നിലപാടുകൾക്കുമേറ്റ കനത്ത തിരിച്ചടിയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല. 'ചാർ സൗ പാർ' പ്രഖ്യാപനം നടത്തി തങ്ങൾ നാനൂറിലധികം സീറ്റുകൾ വാരുമെന്നും തന്റെ ഭൂരിപക്ഷം ആറു ലക്ഷം കവിയുമെന്നും വീരവാദം മുഴക്കിയ മോദിക്ക് വാരാണസിയിലെ ജനങ്ങൾ നൽകിയ മറുപടി ഇന്ത്യാ ചരിത്രത്തിലെ അവിസ്മരണീയ ഏടായി നിലനിൽക്കും.

അതിൽനിന്നും ഇരുനൂറ്റി നാല്പതോളം സീറ്റുകളിലേക്ക് പഴയ യുപിഎയുടെ പുതിയ രൂപമായ ഇന്ത്യാമുന്നണിക്ക് സാധിച്ചു എന്നത് ഹിന്ദുത്വവിരുദ്ധ ജനാധിപത്യ മതേതര യോജിപ്പ് സാധ്യമാവുന്ന ഒരു സ്ഥിരം സംവിധാനത്തിന്റെ പ്രസക്തിയാണ് വിളിച്ചോതുന്നത്. വിവിധ കക്ഷികൾ ഇന്ത്യയുടെ സംരക്ഷണം എന്ന പ്രത്യേക ലക്ഷ്യത്തിനുവേണ്ടി കൈകോർത്ത് പ്രവർത്തിക്കുമ്പോൾ അത് രാജ്യത്തെ ജനങ്ങൾക്ക് നൽകുന്ന ഒരു വലിയ സന്ദേശമുണ്ട്. പാർട്ടികൾക്ക് ലഭിക്കുന്ന നേട്ടങ്ങളെക്കാൾ അത് രാജ്യത്തെ ജനങ്ങൾക്ക് നൽകുന്ന ആത്മവിശ്വാസം വളരെ വലുതാണ്. ജനഹൃദയങ്ങളിൽ ജനാധിപത്യബോധവും മതസൗഹാർദവും സ്വാതന്ത്ര്യബോധവും പകർന്നുകൊടുക്കാൻ സാധിക്കുമ്പോൾ മാത്രമാണ് സംഘ് ശത്രുക്കളിൽനിന്നും രാജ്യത്തെ സംരക്ഷിക്കാൻ സാധിക്കുക. അല്പംകൂടി

നേരത്തെ കാര്യങ്ങൾ പ്ലാൻ ചെയ്ത് മുന്നണിയിലെ കക്ഷികൾ പ്രവർത്തിച്ചിരുന്നെങ്കിൽ വലിയ ഭൂരിപക്ഷത്തോടെതന്നെ അധികാരത്തിലെത്താൻ സാധിക്കുമായിരുന്നു എന്ന് ഈ തെരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നുണ്ട്.

### ഉത്തരം നൽകിയ ഉത്തർപ്രദേശ്

വർഷങ്ങൾക്കുശേഷം രാജ്യത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും കൂടുതൽ പാർലമെന്റ് സീറ്റുകൾ ഉൾകൊള്ളുന്നതുമായ ഉത്തർപ്രദേശ് ഉത്തരം നൽകിയിരിക്കുകയാണ്. സമാജ്‌വാദിയും കോൺഗ്രസും ഇതര കക്ഷികളും പരസ്പരം കൊമ്പുകോർത്ത് മത്സരിച്ച് പടക്കളത്തിൽ വീണുമരിച്ചപ്പോൾ അതിന്റെ രക്തം കുടിച്ച് അധികാരസോപാനത്തിലെത്താൻ സാധിച്ചു എന്നല്ലാതെ ബിജെപിക്ക് ഉത്തർപ്രദേശിന്റെ ഹൃദയത്തെ കീഴടക്കാൻ ഇതുവരെ സാധിച്ചിട്ടില്ല എന്ന് ഫലം വ്യക്തമാക്കുന്നു. ഏഴ് വർഷം മുമ്പ് (2017 മാർച്ച് 18) 'നേർപഥം' വാരികയിൽ 'ഉത്തരം തേടുന്ന ഉത്തർപ്രദേശ്' എന്ന തലക്കെട്ടിൽ സംസ്ഥാനത്തെ ജാതിസമവാക്യങ്ങളെ എങ്ങനെയാണ് ബിജെപി അവർക്കനുകൂലമാക്കാൻ ശ്രമിക്കുന്നത് എന്ന കാര്യം വ്യക്തമാക്കിയിരുന്നു. ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടിയും കോൺഗ്രസും ബിഎസ്പിയും കൈകോർത്ത് പിടിച്ചെങ്കിൽ മാത്രമെ ഹിന്ദുത്വരാഷ്ട്രീയത്തെ സംസ്ഥാനത്തുനിന്ന് പടിയിറക്കാൻ സാധിക്കുകയുള്ളൂ എന്ന കാര്യം അന്ന് ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും 2022ലെ നിയമസഭാ തെരഞ്ഞെടുപ്പിലും അവർ ഇക്കാര്യം ഗൗനിച്ചില്ല. പരസ്പരം പോരാടി ബിജെപിക്ക് ഇല്ലാത്ത ഊർജം ഉണ്ടാക്കിക്കൊടുത്തു. ഈ തെരഞ്ഞെടുപ്പിൽ അവർ ഒന്നിച്ചുനിന്നപ്പോൾ ഹിന്ദി ഹൃദയഭൂമിയായ യുപിയിൽ ഇന്ത്യാമുന്നണിക്ക് ഭൂരിപക്ഷം ലഭിക്കുകയും ചെയ്തു. ഉത്തർപ്രദേശിൽ ആഞ്ഞുവീശിയ കാറ്റിന്റെ സ്വാധീനം ഇപ്പോൾ ബിജെപി കൈവശം വച്ചിരിക്കുന്ന മധ്യപ്രദേശിലും ഉത്തരാഖണ്ഡിലും ഭാവിയിൽ അലയടിക്കുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്.



X/LokSabhaSectt

ഇന്ത്യാമുന്നണിയെ അവഗണിച്ച് ഒറ്റക്കു നിന്ന ബിഎസ്പിക്ക് ഒരു സീറ്റ് പോലും ലഭിച്ചില്ല എന്നത് അവർക്കുള്ള പാഠമാണ്. തെറ്റുതിരുത്തി ഇന്ത്യാമുന്നണിയുടെ ഭാഗമാവുക മാത്രമാണ് കാൻഷിറാം എന്ന സമുന്നതനായ നേതാവ് പടുത്തുയർത്തിയ പാർട്ടിയുടെ ഇപ്പോഴത്തെ നേതാവ് മായാവതിയുടെ മുന്നിലുള്ള ഏകമാർഗം. പിന്നാക്ക, പട്ടിക, ആദിവാസി വിഭാഗങ്ങളുടെയും അംബേദ്കർ ആശയങ്ങളെ നെഞ്ചേറ്റുന്ന വിഭാഗങ്ങളുടെയും നൂറുകണക്കിന് പാർട്ടികളാണ് ഹിന്ദി ഹൃദയഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവയിൽ ഓരോന്നിനെയും വെള്ളം നൽകി വളർത്തി ജാതിരാഷ്ട്രീയത്തിൽ ഭിന്നിപ്പുണ്ടാക്കുകയാണ് ബിജെപി ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് മനസ്സിലാക്കാൻ സാധിക്കാതെ പോവുന്നതാണ് സവർണ വിഭാഗങ്ങളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും വോട്ടുകൾ നേടാൻ ബിജെപിക്ക് സാധിക്കുന്നത്. അവർണരുടെ വോട്ട് നേടി അധികാരത്തിലെത്തുന്ന ബിജെപിയാവട്ടെ അവരോട് കാണിക്കുന്ന വിവേചനം തിരിച്ചറിയാൻ പോലും ശക്തമല്ലാത്ത വിധം ഛിന്നഭിന്നമായിരിക്കുകയാണ് യുപിയിൽ അംബേദ്കർ രാഷ്ട്രീയം. യുപിയിൽ ഇന്ത്യാമുന്നണി പ്രധാനമായും ഇനി ലക്ഷ്യമിടേണ്ടത് ബിഎസ്പിയുടെ വോട്ടുബാങ്കുകളെയാണ്. 'വണ്ടേ നീയോ തുലയുന്നു; വിളക്കും നീ കെടുത്തുന്നു' എന്നുപറഞ്ഞപോലെയാണ് ബിഎസ്പിയുടെ യുപിയിലെ പ്രവർത്തനം. കടുത്ത ജാതിവിരുദ്ധ പരാമർശത്തെ തുടർന്ന് ബിഎസ്പിയിൽ നിന്നും രാജിവെച്ച് കോൺഗ്രസിൽ ചേർന്ന ഡാനിഷ് അലി മത്സരിച്ച അംറോഹ മണ്ഡലത്തിലെ ഫലം പരിശോധിച്ചാൽ എത്രമാത്രം ഉപദ്രവകരമാണ് ബിഎസ്പിയുടെ നിലവിലുള്ള നിലപാടുകൾ എന്ന് ബോധ്യപ്പെടും. മണ്ഡലത്തിൽ കേവലം ഇരുപ

ത്തിയാറായിരം വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് ബിജെപി വിജയിച്ചത്. അവിടെ ബിഎസ്പിയുടെ മുജാഹിദ് ഹസൻ നേടിയ വോട്ടുകൾ ഒന്നര ലക്ഷത്തിനും മീതെയാണ്. ഈ വോട്ടുകളാണ് ബിജെപിയുടെ രക്ഷക്കെത്തിയത്.

### തകർന്നടിഞ്ഞ 'രാമ'രാഷ്ട്രീയം

ബാബരി മസ്ജിദ് തകർത്ത് അതേ ഭൂമിയിൽ പണിത രാമക്ഷേത്രത്തെ ഉയർത്തിക്കാട്ടിയായിരുന്നു മോദിയും ബിജെപിയും ഇത്തവണ തെരഞ്ഞെടുപ്പിനെ നേരിട്ടത്. തെരഞ്ഞെടുപ്പ് വിശേഷാൽ സമ്മാനമായി കഴിഞ്ഞ ജനുവരിയിലാണ് പണിതീരാത്ത ക്ഷേത്രം മോദി തന്നെ ഉദ്ഘാടനം ചെയ്തത്. ശ്രീരാമ വിശ്വാസികളെ പ്രീണിപ്പിക്കുക എന്ന ലക്ഷ്യമില്ലാത്ത മറ്റൊന്നും അതിന് പിന്നിലുണ്ടായിരുന്നില്ല. യുപിയിലെ ജനങ്ങൾക്ക് ക്ഷേത്രങ്ങൾക്ക് യാതൊരു പഞ്ഞവുമില്ല. പട്ടിണി വർധിക്കുകയും തൊഴിലില്ലായ്മ മൂർധന്യാവസ്ഥയിൽ എത്തിനിൽക്കുകയും ചെയ്യുന്ന അവരുടെ നിത്യജീവിതത്തിനാവശ്യമായ യാതൊന്നും ചെയ്തുകൊടുക്കാൻ മോദിക്കോ യോഗിക്കോ സാധിച്ചിരുന്നില്ല. ക്ഷേത്രം കാണിച്ച് ജനങ്ങളെ വിഡ്ഢികളാക്കാമെന്നായിരുന്നു അവർ കരുതിയത്. എന്നാൽ വർഗീയതയ്ക്കുവേണ്ടി നിർമിച്ച രാമക്ഷേത്രത്തെ അയോധ്യയിലെ ജനങ്ങൾ അംഗീകരിച്ചില്ല. തെരഞ്ഞെടുപ്പിൽ അവർ കൃത്യമായ മറുപടി രേഖപ്പെടുത്തി. രാമക്ഷേത്രം സ്ഥിതിചെയ്യുന്ന അയോധ്യ ഉൾക്കൊള്ളുന്ന ഫൈസാബാദ് മണ്ഡലത്തിൽ അരലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് സമാജ്‌വാദി പാർട്ടിയുടെ അവദേശ് പ്രസാദ് വിജയിച്ചത് എന്ന കാര്യം അയോധ്യയുടെ മതനിരപേക്ഷ ഹൃദയത്തെയാണ് അനാവരണം ചെയ്യുന്നത്.

വർഗീയവിഷം കൊണ്ട് മോദിയും യോഗിയും മലീമസമാക്കാൻ ശ്രമിച്ച അയോധ്യ അവിടം ഒഴുകിക്കൊണ്ടിരിക്കുന്ന സരയൂ നദിയുടെ ശാന്തതയാണ് പ്രകടമാക്കുന്നത്.

### ബൻസ്വാരയുടെ പ്രതികാരം

തെരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ടം കഴിഞ്ഞപ്പോൾ രാമരാഷ്ട്രീയവും അദാനി-അംബാനി നയങ്ങളും രക്ഷക്കെത്തില്ലെന്ന് കണ്ടപ്പോൾ കടുത്ത വർഗീയ പരാമർശങ്ങളിലേക്ക് കടക്കുകയായിരുന്നു ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനത്തിരിക്കുന്ന മോദി. വലിയ ധ്രുവീകരണങ്ങൾ സൃഷ്ടിക്കാനും കലാപങ്ങൾ ഉണ്ടാകുവാനും കാരണമായേക്കാവുന്ന തരത്തിൽ മുസ്‌ലിംകളെ നുഴഞ്ഞുകയറ്റക്കാരെന്നും കൂടുതൽ മക്കളെ ഉണ്ടാക്കുന്നവരെന്നും പറഞ്ഞുകൊണ്ട് ആക്ഷേപിച്ച മോദി ലക്ഷ്യമിട്ടത് ഹൈന്ദവ വോട്ടുകളുടെ ഏകീക

> 'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധത്തിലുള്ള ത്രസിപ്പിക്കുന്ന ചരിത്രദൗത്യമാണ് ഇന്ത്യാമുന്നണി നിർവഹിച്ചിരിക്കുന്നത്. പത്തുമാസം മാത്രം പ്രായമുള്ള ഇന്ത്യാ മുന്നണിക്ക് ഇത്തരത്തിൽ കരുത്ത് കാണിക്കാൻ സാധിച്ചത് ഇന്ത്യയുടെ ജനാധിപത്യ മതനിരപേക്ഷ സ്വഭാവത്തിന്റെ കരുത്തുകൊണ്ട് മാത്രമാണ്. വ്യക്തിതാല്പര്യങ്ങൾക്ക് വേണ്ടിയും സ്വന്തം പാർട്ടികളുടെ വിജയത്തിനു വേണ്ടിയും മാത്രം പരസ്പരം പോരടിച്ച് മരിച്ചുവീണിരുന്ന ഇന്ത്യയിലെ മതനിരപേക്ഷ കക്ഷികൾക്ക് അവരുടെ തെറ്റ് ബോധ്യപ്പെടാൻ കുറേകാലം വേണ്ടിവന്നെങ്കിലും വൈകിയെങ്കിലും ഉദിച്ച വിവേകം അവർക്ക് ഇത്തവണ ഉപകാരപ്പെട്ടിരിക്കുന്നു.



രണമായിരുന്നു. എന്നാൽ മോദിയുടെ പ്രസ്താവനയുടെ പ്രഭവകേന്ദ്രമായ രാജസ്ഥാനിലെ ബാൻസ്വാരയിൽ രണ്ടര ലക്ഷം വോട്ടുകൾക്കാണ് ബിജെപി പരാജയപ്പെട്ടത്. വർഗീയ പ്രസ്താവനകൾക്കുള്ള ശക്തമായ തിരിച്ചടി ബൻസ്വാരയുടെയും രാജസ്ഥാന്റെയും മതനിരപേക്ഷതയുടെ ശക്തിയെയാണ് വിളിച്ചോതുന്നത്.

### ഭരണഘടന തിരിച്ചുവരണം

തെരഞ്ഞെടുപ്പ് ഫലം വിലയിരുത്തിക്കൊണ്ട് രാഹുൽഗാന്ധി നടത്തിയ പ്രസ്താവന ഏറെ പ്രതീക്ഷ നൽകുന്നതാണ്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഇതര പാർട്ടികളെകൂടി ഉൾപ്പെടുത്തി ഇന്ത്യാ മുന്നണിയെ വിപുലമാക്കുകയും അനുകൂലസാഹചര്യം ഉണ്ടായാൽ ഒരു സർക്കാർ രൂപീകരണത്തിന് ശ്രമിക്കുകയും ചെയ്യുമെന്ന് അദ്ദേഹം സൂചിപ്പിച്ചത് ഇന്ത്യയിൽ വരാനിരിക്കുന്ന രാഷ്ട്രീയ മാറ്റങ്ങൾക്കുള്ള സൂചനയാണ്. ഇപ്പോൾ ബിജെപിയുടെ കൂടെയു

ള്ള ജെഡിയു, ടിഡിപി അടക്കമുള്ള നിരവധി കക്ഷികൾ മതനിരപേക്ഷ ജനാധിപത്യ ചേരിയിൽ നിലയുറപ്പിക്കേണ്ടവരാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, എന്തൊക്കെ സംഭവിച്ചാലും ഭരണഘടന സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായിരിക്കും തങ്ങൾ ഊന്നൽ നൽകുക എന്നുകൂടി അദ്ദേഹം പറഞ്ഞത് രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന ആശ്വാസം ചെറുതല്ല. കഴിഞ്ഞ പത്തുവർഷമായി രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഭരണഘടനാവിരുദ്ധ പ്രവർത്തനങ്ങൾക്കും ഭരണഘടന തിരുത്തിയെഴുതാനുള്ള ശ്രമങ്ങൾക്കുമേറ്റ കനത്ത തിരിച്ചടിയാണ് ഈ വിജയം.

**മഹാരാഷ്ട്രയിലെ മഹാവിജയം**

ചിന്നിച്ചിതറി കിടന്നിരുന്ന മഹാരാഷ്ട്ര ഇന്ത്യാമുന്നണിക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തിയിരുന്നത്. ശിവസേനയെയും എൻസിപിയെയും ഭിന്നിപ്പിച്ച് മഹാരാഷ്ട്രയിൽ സ്വാധീനം വലുതാക്കുകയായിരുന്നു കഴിഞ്ഞ വർഷങ്ങളിൽ ബിജെപി ചെയ്തിരുന്നത്. ശരത്പവാർ



എന്ന ഇന്ത്യൻ രാഷ്ട്രീയത്തിലെ അതികായനെ ദുർബലമാക്കാൻ വേണ്ടി ബിജെപി നടത്തിയ കളി വിജയിച്ചു. ബിജെപിയുടെ വിധ്വംസ കരാഷ്ട്രീയത്തെ ഏറെ ഭയപ്പെട്ടിരുന്ന ഉദ്ധവ് താക്കറെയെ ഇല്ലാതാക്കാൻവേണ്ടി ശിവസേനയിലെ ഒരു വിഭാഗത്തെ കൂടെക്കൂട്ടി മഹാരാഷ്ട്ര സർക്കാരിനെതന്നെ അട്ടിമറിക്കാനും ബിജെപിക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഇന്ത്യാമുന്നണിയുടെ രൂപീകരണത്തോടെ പവാറും ഉദ്ധവും ശക്തരായി. 2019ൽ 23 സീറ്റ് നേടിയ ബിജെപിക്ക് 9 സീറ്റുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. കൂടെക്കൂടിയ എൻസിപി, ശിവസേന എന്നിവയ്ക്ക് 8 സീറ്റുകളാണ് ലഭിച്ചത്. എന്നാൽ കോൺഗ്രസ് 13, ഉദ്ധവ് 9, പവാർ 8 എന്നിങ്ങനെ ഇന്ത്യാമുന്നണി 30 സീറ്റുകൾ നേടി വമ്പിച്ച വിജയമാണ് മഹാരാഷ്ട്രയിൽ നേടിയത്.

**മമത കാട്ടിയ ബംഗാൾ**

പശ്ചിമ ബംഗാളിൽ ഏവരെയും ഞെട്ടിച്ചുകൊണ്ടാണ് മമത ബാനർജി വലിയ വിജയം നേടിയിരിക്കുന്നത്. ഭാഗികമായി മാത്രം ഇന്ത്യാമുന്നണിയുടെ ഭാഗമായ തൃണമൂൽ കോൺഗ്രസ് ബംഗാളിൽ സഖ്യമുണ്ടാക്കാൻ തയ്യാറായിരുന്നില്ല. സംസ്ഥാന ഭരണത്തിനെതിരെ ശക്തമായ വികാരമുണ്ടാവുമെന്നും സന്ദേശ്ഖലി പോലുള്ള സംഭവങ്ങളുടെ പേരിൽ തൃണമൂലിന് ശക്തമായ തിരിച്ചടിയുണ്ടാവുമെന്നുമെല്ലാമായിരുന്നു നിരീക്ഷകരുടെ കണക്കുകൂട്ടൽ. ബിജെപി ശക്തമായി കാലുറപ്പിക്കുമെന്നും നിരീക്ഷകർ ഉറപ്പിച്ചിരുന്നു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ആകെയുള്ള 42ൽ 29 സീറ്റും ദീദി കൈപ്പിടിയിലൊതുക്കി. 2019ൽ 18 സീറ്റുകൾ നേടിയിരുന്ന ബിജെപിക്ക് ഇത്തവണ 12 സീറ്റുകൾകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. കോൺഗ്രസ് ഒരു സീറ്റിലൊതുങ്ങുക മാത്രമല്ല സംസ്ഥാന പിസിസി അധ്യക്ഷൻ അധീർ രഞ്ജൻ ചൗധരി തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി പത്താൻ യൂസുഫിനോട് പരാജയപ്പെടുകയും ചെയ്തു. ഇത് മുന്നണി രാഷ്ട്രീയത്തെ ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യം നോക്കി മാത്രമാണ് നടപ്പാക്കേണ്ടത് എന്ന യാഥാർഥ്യം കോൺഗ്രസിനെയും ബോധ്യപ്പെടുത്തുന്നുണ്ട്.

**ബീഹാർ നൽകുന്ന പാഠം**

ഇന്ത്യാമുന്നണി വിട്ടുപോയ നിതീഷ് കുമാറിനെ എല്ലാവരും എഴുതിത്തള്ളിയിരുന്നു. എന്നാൽ 12 സീറ്റ് സ്വന്തമായി നേടുക മാത്രമല്ല ബിജെപിക്ക് 12 സീറ്റ് സമ്മാനിക്കുകകൂടി ചെയ്തുകൊണ്ടാണ് ജെഡിയു ഇത്തവണ തങ്ങളുടെ ശക്തി തെളിയിച്ചിട്ടുള്ളത്. എൽജെപിയും അപ്രതീക്ഷിതമായി 5 സീറ്റ് നേടി എൻഡിഎക്ക് വലിയ വിജയം നേടിക്കൊടുത്തു. എല്ലാവരും പ്രതീക്ഷ പുലർത്തിയിരുന്ന ലാലു പ്രസാദിന്റെ ആർജെഡിയാവട്ടെ കേവലം 4 സീറ്റുകൾ മാത്രമാണ് നേടിയത്. കോൺഗ്രസും സിപിഐ-എംഎലും അടക്കം ഇന്ത്യാമുന്നണി ബീഹാറിൽ നേടിയത് ആകെ 9 സീറ്റുകൾ മാത്ര

മാണ്. ഇത് വ്യക്തമാക്കുന്നത് മതേതര മുന്നണിയുടെ ഭാഗമായി നിൽക്കേണ്ട ഏതൊരു കക്ഷിക്കും അതിന്റേതായ മൂല്യമുണ്ട് എന്നതാണ്. തെരഞ്ഞെടുപ്പ് ഫലം വരികയും ശക്തിതെളിയിക്കുകയും ചെയ്ത ജെഡിയുവിനും നിതീഷ്കുമാറിനും ഇനിയുള്ള ദൗത്യം രാജ്യത്തിന്റെ മതനിരപേക്ഷതയെ ഉയർത്തിപ്പിടിക്കുക എന്നതാണ്. അതിനായി ഇന്ത്യാമുന്നണിയുമായി ബന്ധപ്പെടാൻ അവർ ശ്രമിക്കുമോ എന്നാണ് രാജ്യം ഉറ്റുനോക്കുന്നത്.

### ഡൽഹിയെ തൂത്തുവാരി ബിജെപി

ആം ആദ്മി പാർട്ടി തങ്ങളുടെ ചൂലുകൊണ്ട് തൂത്തുവാരുമെന്ന് പ്രതീക്ഷിച്ച ഡൽഹിയിൽ ബിജെപി സ്വാധീനം ഒന്നുകൂടി നിലനിർത്തിയ ഫലമാണ് പുറത്തുവന്നിട്ടുള്ളത്. കെജ്രിവാളിന്റെ അറസ്റ്റും അതിനുശേഷം അദ്ദേഹത്തിന് ലഭിച്ച ജാമ്യവും ആം ആദ്മി പ്രവർത്തകരിലും ഇന്ത്യാമുന്നണിയിലും വലിയ ഇളക്കമാണ് ഉണ്ടാക്കിയിരുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് ഫലം ഇന്ത്യാമുന്നണിക്ക് അനുകൂലമായില്ല. എന്നാൽ 2019ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ മൂന്ന് ലക്ഷം മുതൽ ആറു ലക്ഷം വരെയുള്ള ഭൂരിപക്ഷത്തിന് ബിജെപി വിജയിച്ച മണ്ഡലങ്ങളാണ് ഡൽഹിയിലെ ഏഴു മണ്ഡലങ്ങളും. അതിൽ പല മണ്ഡലങ്ങളിലും ഒരു ലക്ഷത്തിന് താഴേക്ക് ബിജെപിയുടെ ഭൂരിപക്ഷം കുറഞ്ഞിട്ടുണ്ട് എന്നത് വലിയ ആശ്വാസം തന്നെയാണ്. എന്നിരുന്നാലും ആം ആദ്മിയും കോൺഗ്രസും തമ്മിലുള്ള രാഷ്ട്രീയ ബന്ധങ്ങൾ കുറച്ചുകൂടി സുതാര്യവും സുദൃഢവും ആകേണ്ടതുണ്ട് എന്ന് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നുണ്ട്. എഎപിയുടെ രാജ്യസഭാംഗം സ്വാതി മലിവാൽ കെജ്രിവാളിന്റെ ഓഫീസിനെതിരെ ഉയർത്തിയ ആരോപണങ്ങൾ ഇന്ത്യാമുന്നണിയുടെ മുന്നേറ്റത്തെ ബാധിച്ചിട്ടുണ്ട് എന്നതും വ്യക്തമാണ്.

### രാജസ്ഥാനിലെ രാജകീയവിജയം

2019ൽ ആകെയുള്ള 25 സീറ്റുകളിൽ 25ഉം നേടിക്കൊണ്ട് അത്യുജ്ജ്വല വിജയം നേടിയാണ് ബിജെപി രാജസ്ഥാനിൽ തേരോട്ടം നടത്തിയത്. ഇന്ത്യാമുന്നണിയുടെ ചിട്ടയായ പ്രവർത്തനങ്ങൾകൊണ്ട് ഇത്തവണ ബിജെപിയെ 14ലേക്ക് ചുരുട്ടിക്കെട്ടാൻ സാധിച്ചു എന്നത് വലിയ നേട്ടമാണ്. മോദിയുടെ ശക്തമായ വർഗീയ പരാമർശങ്ങൾകൊണ്ട് മലീമസമായ രാജസ്ഥാനിൽ കോൺഗ്രസിന് 8 സീറ്റും ബൻസ്വാരയിൽ മത്സരിച്ച ഭാരതീയ ആദിവാസി പാർട്ടിക്ക് ഒരു സീറ്റും നേടാനായി.

### തെന്നിന്ത്യയിൽ മിന്നിയ ഇന്ത്യ

ദക്ഷിണേന്ത്യയിൽ 50 സീറ്റുകൾ നേടുക എന്നതായിരുന്നു ബിജെപിയുടെ ലക്ഷ്യം. ഇതിനായി മോദി നിരവധി തവണ ദക്ഷിണേന്ത്യ സന്ദർശിച്ചു. കഴിഞ്ഞ തവണ 25 സീറ്റ് നേടിയ കർണാടകയിൽ ഇത്തവണ കൂടുതൽ സീറ്റുകൾ ലഭിക്കാൻ വിദ്വേഷ പ്രസംഗങ്ങളെയാണ് മോദി അവലംബിച്ചത്. പക്ഷേ, അതൊന്നും മോദിയെ തുണച്ചില്ല. 25ൽ നിന്നും 17ലേക്ക് കൂപ്പുകുത്തുകയാണ് ചെയ്തത്. കോൺഗ്രസ് 9 സീറ്റുകൾ നേടുകയും ചെയ്തു. തമിഴ്നാട്ടിൽ ഏഴു തവണയാണ് തെരഞ്ഞെടുപ്പ് കാലത്ത് മോദി സന്ദർശനം നടത്തിയത്. തമിഴ്നാട്ടിലെ ചെങ്കോൽ പാർലമെന്റിൽ സ്ഥാപിച്ചുകൊണ്ടും നിരവധി ക്ഷേത്രങ്ങളിൽ സന്ദർശനം നടത്തിക്കൊണ്ടും മോദി തമിഴ്ഹൃദയങ്ങളെ കീഴടക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ എം.കെ.സ്റ്റാലിൻ എന്ന സിംഹത്തിന്റെ കാവലുള്ള തമിഴ്നാടിനെ കീഴ്പ്പെടുത്താൻ മോദിക്ക് സാധിച്ചില്ല. ഇത്തവണയും അക്കൗണ്ട് തുറ

> ഇന്ത്യാമുന്നണി രാജ്യത്തിനാവശ്യമാണ്. ഇനിയും ശക്തമായി മുന്നോട്ടുപോകാനും രാജ്യത്തിന്റെ ഭരണഘടനയെ ഉയർത്തിപ്പിടിക്കാനും എല്ലാ ജനവിഭാഗങ്ങളെയും ഒരുപോലെ കണ്ടും രാജ്യത്തെ ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും അവകാശങ്ങളുടെ സംരക്ഷണത്തിനായും പ്രവർത്തിക്കാൻ മുന്നണിക്ക് സാധ്യമാവട്ടെ. ഇന്ത്യയുടെ ജുഡീഷ്യറി, ഇലക്ഷൻ കമ്മീഷൻ, എൻഫോഴ്സ്മെന്റ്, കസ്റ്റംസ്, പോലീസ് സംവിധാനങ്ങളെ നീതിപൂർവകമായ മാത്രം ഉപയോഗിക്കാനും എല്ലാവർക്കും നീതി ലഭ്യമാക്കാനും മുന്നണിക്ക് കരുത്തുണ്ടാവട്ടെ എന്ന് ആശംസിക്കുന്നു. ഇനിയും 'ഇന്ത്യ' ഇന്ത്യയെ ത്രസിപ്പിക്കണം. വിധ്വംസകശക്തികൾക്കും രാജ്യത്തെ വെട്ടിമുറിക്കുന്ന ശക്തികൾക്കും ശക്തമായ താക്കീതായി നിലനിൽക്കാനും 'ഇന്ത്യ' എക്കാലവും നിലനിൽക്കണം.

ക്കാൻ ബിജെപിക്ക് കഴിഞ്ഞില്ല എന്നുമാത്രമല്ല എൻഡിഎ സഖ്യകക്ഷികൾക്കും അവിടെ സീറ്റുകൾ ലഭിച്ചില്ല. ആന്ധ്രയിൽ 2014ൽ മൂന്ന് സീറ്റ് ലഭിച്ചിരുന്നുവെങ്കിലും 2019ൽ പൂജ്യമായിരുന്നു ബിജെപിയുടെ കക്ഷിനില. ഇത്തവണ 2014ൽ നേടിയ മൂന്ന് സീറ്റുകൾ നിലനിർത്തിയിരുന്നു എന്നത് മാത്രമാണ് ആശ്വാസം. അതും ടിഡിപിയുടെ സ്വാധീന മേഖലയിലാണ് ബിജെപിക്ക് കാലുറപ്പിക്കാൻ കഴിഞ്ഞത്. തെലങ്കാനയിൽ ബിജെപിക്ക് 8 സീറ്റ് ലഭിച്ചത് ഇന്ത്യാമുന്നണിയുടെ ശക്തമായ പ്രവർത്തനം സംസ്ഥാനത്തുണ്ടായില്ല എന്നതിന്റെ തെളിവാണ്.

### കേരളത്തിൽ വിരിഞ്ഞ താമര

കേരളത്തിൽ ഒരു സീറ്റ് നേടി ബിജെപി ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. ഇന്ത്യാമുന്നണിയും കോൺഗ്രസും സിപിഎമ്മും സിപിഐയുമെല്ലാം ശക്തമായി പ്രവർത്തിക്കുന്ന കേരളത്തിൽ ഒരു സീറ്റ് ബിജെപിക്ക് ലഭിക്കുമെന്ന് ഒരാളും പ്രതീക്ഷിച്ചിട്ടില്ല. എക്സിറ്റ് പോളുകളല്ലാത്ത മറ്റാരും ഇങ്ങനെയൊരു ഫലം പ്രതീക്ഷിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് തൃശൂരിൽ സുരേഷ്ഗോപിക്ക് എഴുപത്തി അയ്യായിരത്തിന്റെ ഭൂരിപക്ഷം ലഭിച്ചത് എന്നത് മുന്നണികൾ ആത്മപരിശോധന നടത്തേണ്ട വിഷയമാണ്. സി.പി.എം സ്വാധീന മേഖലയാണ് പൊതുവിൽ തൃശൂർ. അവിടെ മത്സരിക്കാൻ നിയോഗം വന്നു ചേർന്നത് സി.പി.ഐക്കാണ്. സിപിഐയുടെ സുനിൽ കുമാറും കോൺഗ്രസിന്റെ കെ മുരളീധരനും ഏറ്റവും മികച്ച സ്ഥാനാർഥികളായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. കഴിഞ്ഞതവണ ടിഎൻ പ്രതാപന് ലഭിച്ച അത്രയും വോട്ടുകൾ ഇത്തവണ കെ.മുരളീധരന് ലഭിച്ചിട്ടില്ല. അതുപോലെ ഇടതുപക്ഷ കോട്ടകളിൽ മിക്കയിടങ്ങളിലും സുരേഷ്ഗോപി മുന്നേറി എന്നും മാധ്യമപ്രവർത്തകർ റിപ്പോർട്ട് ചെയ്തിരുന്നു. കണക്കുകൾ ഇനിയും പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. പ്രാഥമികമായി കോൺഗ്രസ്, സി.പി.എം, സി.പി.ഐ ഉൾക്കൊള്ളുന്ന ഇന്ത്യാമുന്നണിയുടെ പരാജയമാണ് തൃശൂരിലെ ബിജെപി വിജയം വ്യക്തമാക്കുന്നത്. ഒരു സിനിമാതാരത്തിന് ലഭിച്ച വോട്ട് മാത്രമായി ഇതിനെ കണ്ടുകൂടാ. ചില സമുദായങ്ങൾ സുരേഷ്ഗോപിയുടെയും ബിജെപിയുടെയും വാചാടോപങ്ങളിൽ വീണു പോയിട്ടുണ്ട് എന്നത് വളരെ വ്യക്തമാണ്. മണിപ്പൂരിലെ ക്രിസ്ത്യൻ ജനത ബിജെപിയെ പരാജയപ്പെടുത്തി ഇന്ത്യാമുന്നണിക്ക് അനുകൂലമായി വോട്ടുകൾ രേഖപ്പെടുത്തിയപ്പോൾ തൃശൂരിൽ ലൂർദ് മാതാവിന്റെ പേരു പറഞ്ഞ് പള്ളിയിൽ പ്രതിഷ്ഠയും കിരീടവുമെല്ലാമായി സുരേഷ്ഗോപി പ്രവർത്തിച്ചത് വോട്ടായിട്ടുണ്ടെങ്കിൽ കൃത്യമായ അരാഷ്ട്രീയം സമുദായങ്ങളെ പേറിക്കൊണ്ടിരിക്കുന്നു എന്നത് വ്യക്തമാണ്. കേവലമായ രാഷ്ട്രീയ നേട്ടങ്ങൾക്കും വ്യക്തിപരമായ താല്പര്യങ്ങൾക്കും വേണ്ടി ഭരിക്കുന്ന സർക്കാരും ഇടതുപക്ഷവും ബിജെപിക്ക് അനുകൂലമായി വോട്ടു നൽകാൻ തയ്യാറായിട്ടുണ്ടെങ്കിൽ അതും രാഷ്ട്രീയ വ്യഭിചാരമാണ് എന്ന കാര്യത്തിൽ സംശയമില്ല.



### ഇനിയും ശക്തമാവട്ടെ ഇന്ത്യ

ഇന്ത്യാമുന്നണി രാജ്യത്തിനാവശ്യമാണ്. ഇനിയും ശക്തമായി മുന്നോട്ടുപോകാനും രാജ്യത്തിന്റെ ഭരണഘടനയെ ഉയർത്തിപ്പിടിക്കാനും എല്ലാ ജനവിഭാഗങ്ങളെയും ഒരുപോലെ കണ്ടും രാജ്യത്തെ ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും അവകാശങ്ങളുടെ സംരക്ഷണത്തിനായും പ്രവർത്തിക്കാൻ മുന്നണിക്ക് സാധ്യമാവട്ടെ. ഇന്ത്യയുടെ ജുഡീഷ്യറി, ഇലക്ഷൻ കമ്മീഷൻ, എൻഫോഴ്സ്മെന്റ്, കസ്റ്റംസ്, പോലീസ് സംവിധാനങ്ങളെ നീതിപൂർവകമായ മാത്രം ഉപയോഗിക്കാനും എല്ലാവർക്കും നീതി ലഭ്യമാക്കാനും മുന്നണിക്ക് കരുത്തുണ്ടാവട്ടെ എന്ന് ആശംസിക്കുന്നു. ഇനിയും 'ഇന്ത്യ' ഇന്ത്യയെ ത്രസിപ്പിക്കണം. വിധ്വംസകശക്തികൾക്കും രാജ്യത്തെ വെട്ടിമുറിക്കുന്ന ശക്തികൾക്കും ശക്തമായ താക്കീതായി നിലനിൽക്കാനും 'ഇന്ത്യ' എക്കാലവും നിലനിൽക്കണം. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 12

# ‘ഐക്യസംഘ’ത്തിൽ നിന്ന് ‘കേരള മുസ്‌ലിം ഐക്യസംഘ’ത്തിലേക്ക്

യാഥാസ്ഥിതിക വിഭാഗങ്ങളിൽനിന്നുണ്ടായ ശക്തമായ എതിർപ്പുകളെ മറികടന്നുകൊണ്ട് നടത്തിയ ഈ വാർഷികസമ്മേളനത്തിലാണ് ഐക്യസംഘം ‘കേരള മുസ്‌ലിം ഐക്യസംഘ’മായി പരിണമിച്ചത്. ശിർക്കൻ ആചാരങ്ങൾക്കെതിരെ ശക്തമായ സന്ദേശം കേരളീയ സമൂഹത്തിന് നൽകിയതോടൊപ്പം മുസ്‌ലിം സമൂഹം നേരിട്ടുകൊണ്ടിരുന്ന ചില പൊതു പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും ഈ സമ്മേളനത്തിനു കഴിഞ്ഞു. സർക്കാർ വിദ്യാലയങ്ങളിലെ അറബി അധ്യാപക നിയമനമെന്ന ആവശ്യം സർക്കാരിനുമുമ്പിൽ അവതരിപ്പിച്ചത് ഈ വാർഷിക സമ്മേളനത്തിലാണ്. അതോടൊപ്പം തന്നെ മദ്റസതുൽ മുഹമ്മദിയ്യയുടെയും ഹിമായതുൽ ഇസ്‌ലാം സംഘത്തിന്റെയും നേതൃത്വത്തിൽ ഒരു കോളേജ് സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ ഈ സമ്മേളനം വാഗ്ദാനം ചെയ്തു.

യാഥാസ്ഥിതിക വിഭാഗങ്ങളിൽനിന്നുണ്ടായ ശക്തമായ എതിർപ്പുകളെ മറികടന്നുകൊണ്ട് നടത്തിയ ഈ വാർഷികസമ്മേളനത്തിലാണ് ഐക്യസംഘം ‘കേരള മുസ്‌ലിം ഐക്യസംഘ’മായി പരിണമിച്ചത്. ശിർക്കൻ ആചാരങ്ങൾക്കെതിരെ ശക്തമായ സന്ദേശം കേരളീയ സമൂഹത്തിന് നൽകിയതോടൊപ്പം മുസ്‌ലിം സമൂഹം നേരിട്ടുകൊണ്ടിരുന്ന ചില പൊതു പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും ഈ സമ്മേളനത്തിനു കഴിഞ്ഞു. സർക്കാർ വിദ്യാലയങ്ങളിലെ അറബി അധ്യാപക നിയമനമെന്ന ആവശ്യം സർക്കാരിനുമുമ്പിൽ അവതരിപ്പിച്ചത് ഈ വാർഷിക സമ്മേളനത്തിലാണ്. അതോടൊപ്പം തന്നെ മദ്റസതുൽ മുഹമ്മദിയ്യയുടെയും ഹിമായതുൽ ഇസ്‌ലാം സംഘത്തിന്റെയും നേതൃത്വത്തിൽ ഒരു കോളേജ് സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ ഈ സമ്മേളനം വാഗ്ദാനം ചെയ്തു. സംഘത്തിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കു

ന്നതിലും പദ്ധതികൾ അവലംബിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മുസ്‌ലിംകൾക്ക് പ്രത്യേക തെരഞ്ഞെടുപ്പധികാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം സമ്മേളനത്തിൽ അവതരിപ്പിച്ചു. വിശാല മുസ്‌ലിം സമാജം എന്ന തത്ത്വം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി റീഫ് മുസ്‌ലിംകളോട് (കടലോര വാസികളായ മുസ്‌ലിംകൾ) ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മലബാർ കലാപവുമായി ബന്ധപ്പെട്ട് തടവിലാക്കപ്പെട്ടവർ അനുഭവിക്കുന്ന യാതനകൾ മനസ്സിലാക്കി അവരുടെ പ്രശ്നപരിഹാരത്തിനായി ഇടപെടണമെന്നും ഈ സമ്മേളനത്തിൽ സംഘം തീരുമാനിച്ചു.

കോഴിക്കോട് ചേർന്ന വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ഐക്യസംഘം പ്രസിദ്ധീകരിച്ച ലഘുഗ്രന്ഥങ്ങളെക്കുറിച്ചും അൽഇർശാദ് മാസികയിലെ ഏതാനും ലേഖനങ്ങളെക്കുറിച്ചും യാഥാസ്ഥിതികപണ്ഡിതന്മാർക്കുണ്ടായിരുന്ന സംശയങ്ങൾ അവരുടെ സാന്നിധ്യത്തിൽ വരക്കൽവെച്ചു ചേർന്ന യോഗത്തിൽ ഇ.കെ മൗലവി ദൂരീകരിച്ചുകൊടുത്ത കാര്യം നാം മുകളിൽ ചർച്ചചെയ്തല്ലോ. യോഗം മുമ്പാകെ ഉന്നയിക്കപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഇ.കെ മൗലവി തൃപ്തികരമായ മറുപടി നല്കുകയും മുഴുവൻ ഉലമാക്കളും അത് അംഗീകരിക്കുകയും ചെയ്തു. ഐക്യസംഘം പ്രസിദ്ധീകരണങ്ങളിൽ അഹ്‌ലുസ്സുന്നത്തി വൽ ജമാഅക്കു വിരുദ്ധമായി യാതൊന്നുമില്ല എന്ന് യാഥാസ്ഥിതിക പണ്ഡിതന്മാരെക്കൊണ്ട് സമ്മതിപ്പിക്കാനും ഇ.കെ.മൗലവിക്കു കഴിഞ്ഞു. ഈ ചർച്ചയുടെ വിശദാംശങ്ങളെല്ലാം അദ്ദേഹം കുറിച്ചുവെക്കുകയും ആ കുറിപ്പ് അവിടെ സന്നിഹിതരായവർക്ക് വായിച്ചുകൊടുക്കുകയും ചെയ്തു. പിന്നീട് അത് പൊതുജനസമക്ഷം പ്രസിദ്ധപ്പെടുത്തണമെന്നു ചർച്ചയിൽ തീരുമാനമാകുകയും ചെയ്തിരുന്നു. എന്നാൽ സമ്മേളനം കഴിഞ്ഞതിനുശേഷം എസ്.എം.മൗലവി, ഉമ്മർ സാഹിബ് എന്നീ രണ്ടു യാഥാസ്ഥിതിക പക്ഷക്കാർ വരക്കൽ വെച്ച് എടുത്ത തീരുമാനങ്ങളെ അംഗീകരിക്കില്ലെന്നറിയിച്ചുകൊണ്ടും ഐക്യസംഘത്തിന്റെ നിലപാടുകളെ എതിർത്തുകൊണ്ടും; നേരത്തെ പണ്ഡിതൻമാർ സമ്മതിച്ചതിനു വിരുദ്ധമായി ഐക്യസംഘം മാസികകളിൽ മതവിരുദ്ധ ആശയങ്ങളുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ടും താമസിയാതെ മതവിരുദ്ധ വാചകങ്ങൾ തെരഞ്ഞെടുത്ത് എട്ടു ഉലമാക്കൾ തയ്യാറാക്കിയ റദ്ദ് ഉടൻ പ്രസിദ്ധീകരിക്കുമെന്നറിയിച്ചുകൊണ്ടും സ്വകാര്യ അറിയിപ്പ് എന്ന പേരിൽ ഒരു നോട്ടീസ് പുറത്തിറക്കി. ആ അറിയിപ്പിന്റെ പകർപ്പ് ചുവടെ കൊടുക്കുന്നു:

*"സ്വകാര്യ അറിയിപ്പ്*

1925 മെയ് 27നു വരക്കൽ ഓയിൽ മിൽസ് കെട്ടിടത്തിൽ ഐക്യസംഘക്കാരെ പരിശോധിക്കേണ്ടതിനു ഒരു സംഭാഷണം നടക്കുകയും അതിലുണ്ടായ വിവരങ്ങളെ ഐക്യഉലമാസംഘം സെക്രട്ടറി ഇ.കെ. കുറിച്ചെടുക്കുകയും വായന ചെയ്തു എല്ലാവരും കേൾക്കയും ആ വിവരത്തെ പ്രസിദ്ധം ചെയ്യാമെന്ന് ഉറച്ച് പിരിയുകയും ചെയ്തതിൽ ശേഷം അതെ രാത്രി സുമാർ ഒമ്പതര മണിക്ക് പഞ്ചകോയ്മകൾ സ്വകാര്യ ആലോചന



പരിശോധിക്കുക. ഇ.കെ. മൗലവി. ഹസ്സൻ സാഹിബ് അവർകൾ വരക്കൽ ഓയിൽ മിൽസ് സംഭാഷണത്തിൽ കസേല മുടക്കീട്ടില്ലെങ്കിലും പഞ്ചകോയ്മകളുടെ സ്വകാര്യമീറ്റിങ്ങിൽ കസേല ഇല്ലാതെ സമീപത്തിൽ നിൽക്കുകയായിരുന്നു. ഇതേ കാരണമാണ് വാസ്തവസ്ഥിതിയെ സത്യ അറിയിപ്പിൽ പ്രസിദ്ധം ചെയ്യത്. ലോകരക്ഷിതാവായ റബ്ബിനെ സാക്ഷ്യപ്പെടുത്തി പരമാർത്ഥം പ്രവൃത്തിക്കുവിൻ, അച്ചിപ്പാറ കൊല്ലിയത്ത് ജനാബ് കുഞ്ഞഹമ്മദ് മൗലവി അവർകൾ തൽക്കാല നിവൃത്തിക്കും, ഹുസ്നുള്ളന്ന് സമർപ്പിച്ച ഉചിതത്തെ അസത്യ അറിയിപ്പിൽ സൂള്ളന്നാക്കിയ മഹാ കഷ്ടം, 1924 മെയ് ടിനുകളിൽ ആൽവായിൽ കൂടിയ വാർഷിക യോഗത്തിൽ ഐക്യസംഘത്തിൽ ചേരുമ്പോൾ മേമ്പ്രകൾ ചെയ്യേണ്ടുന്ന സത്യനിയമത്തെ കൗൺസൽ ചെയ്യ ഫലം കോഴിക്കോട്ടുകാരായ മെമ്പ്രമ്മാര് പ്രസിദ്ധം ചെയ്തു പുണ്യം ലഭിച്ചതിനെപ്പറ്റി പറയാതെ നിവൃത്തിയില്ല. ഹേ, മാന്യരെ ഇപ്പോൾ ഇവിടെ കഴിഞ്ഞ കോൺഫ്രൻസിനാൽ സ്ഥിതിയെ അനുഭവിച്ചറിയേണ്ടുന്ന ഭാഗ്യം നിങ്ങൾക്ക് സാധിച്ചതിനെപ്പറ്റി സ്തുതിക്കുവിൻ. തല ഉയർത്തുവിൻ. ഹിമായത്തുൽ ഇസ്‌ലാം സഭയുടെ ഭയങ്കരമായ വ്യസനഹരജിയെ വായന ചെയ്തു ആലോചിക്കുവിൻ. ഹരജി ഞാൻ നിങ്ങളിൽ സ്ഥാപിച്ച മുതൽക്ക് എന്റെ മുറപ്രകാരം കാലം കഴിച്ചു നീതി എന്ന ബഹുമാനത്തെ തൃപ്തിപ്പെടുത്തിയിരിക്കുന്നു. എന്നിൽ ഉദ്യോഗം ധരിച്ചിരിക്കുന്ന മാന്യരെ, എന്റെ നെറ്റിമേൽ, ഇതാ, കിയാനത്തുൽ ഇസ്‌ലാം എന്ന വാസ്തവനാമം വെളിവായിരിക്കുന്നു. തരം നാമത്തോടുകൂടി അവസാനകാലം വരെ നിങ്ങൾ എന്നെ രക്ഷിക്കുമെന്ന് വിശ്വസിക്കുന്നു. എന്റെ മേലന്വേഷണക്കാരായ മജ്‌ലിസ് മീറ്റിങ്ങിൽ ആ വിവരം ഇതേ ക്രമത്തിൽ പ്രസിദ്ധം ചെയ്താൽ സഭ വിലപ്പെടുന്നതല്ലാമെന്നും ജനങ്ങളിൽ അപമാനം ലഭിക്കുമെന്നും ഞങ്ങൾക്ക് സഭയിൽ ചേരാൻ തരം ഉണ്ടാകയില്ലെന്നും കൃത്രിമം ചെയ്യുന്നതിനാൽ ദൂഷ്യമില്ലാമെന്നും അഭിപ്രായപ്പെട്ടു വ്യത്യാസപ്പെടുത്തി. ഹിമായത്തുൽ ഇസ്‌ലാം സഭ കോഴിക്കോട് എന്ന തലക്കെട്ടിൽ, സത്യത്തെ മറച്ചും വാസ്തവസ്ഥിതിയെ മറിച്ചും മര്യാദയെ വിട്ടും വാഗ്ദത്തം ലംഘിച്ചും തന്നത്താനറിയാതെ ഒരു അറിയിപ്പ് പ്രസിദ്ധം ചെയ്തതിനെപ്പറ്റി ആക്ഷേപമുണ്ടായപ്പോൾ 1924 മെയ് 10,11,12കളിൽ ആൽവായിൽ കൂടിയിരുന്ന സംഘത്തിൽ ചില മാന്യർ കോഴിക്കോട്ട് നിന്ന് എഴുന്നള്ളി ചേർന്ന് കൊടുങ്ങല്ലൂരുകാരായ സഭ മേധാവികളുടെ ഊൺ കഴിച്ച ഭക്ഷണം ഇതെവരെ വയറ്റിൽ ഭക്ഷണമായിരിക്കുമ്പോൾ,

> ഐക്യസംഘത്തിന്റെ കോഴിക്കോട് വാർഷിക സമ്മേളനം വമ്പിച്ച വിജയമായിരുന്നുവെങ്കിലും സമ്മേളനത്തിനുശേഷം യാഥാസ്ഥിതിക നേതൃത്വം ഐക്യസംഘത്തിനെതിരെ ശക്തമായ ആക്രമണങ്ങൾ അഴിച്ചുവിടുകയുണ്ടായി. ഗവൺമെന്റിന് പരാതി നൽകിയും പല കള്ളക്കഥകളും നിർമിച്ച് പൊതുജനങ്ങൾക്കിടയിൽ വാറോലകൾ വിതരണം ചെയ്തും ഐക്യസംഘത്തിന്റെ പ്രയാണത്തെ തടസ്സപ്പെടുത്താൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ ആശയങ്ങളെ തകർക്കുന്നതിനു വേണ്ടിയാണ് ഐക്യസംഘം പ്രവർത്തിക്കുന്നത് എന്ന തരത്തിൽ കളവുകൾ പ്രചരിപ്പിച്ചും മലയാള ഭാഷയിൽ അറിവില്ലാത്ത ജനങ്ങളോട് സംഘത്തിന്റെ പ്രസിദ്ധീകരണങ്ങൾക്ക് അസഭ്യം ദ്യോതിപ്പിക്കുന്ന അർത്ഥങ്ങൾ നൽകി പരിഹസിച്ചും സംഘത്തിന്റെ മേൽ വെറുപ്പുണ്ടാക്കുന്നതിനായി കേരളത്തിന്റെ നാനാഭാഗത്തേക്കും അവർ ഏജന്റുമാരെ അയച്ചു.

ആ നന്ദിയെ മറക്കാൻ തരമില്ലായ്കയാൽ വ്യത്യാസത്തെപ്പറ്റി ആലോചിക്കെണ്ടാമെന്നു വളരെ ഉചിതത്തിൽ ബലപ്പെടുത്തി പറയുകയും ഇപ്പോൾ കൂടിയ കൂട്ടത്തിൽ വന്നു വിവരം അറിഞ്ഞു പോകണ്ടതിലേക്ക് നാനാഭാഗങ്ങളെയും ക്ഷണിക്കയും കൃത്രിമത്തെപ്പറ്റി ആക്ഷേപിക്കാതെ ക്ഷമിക്കണമെന്നും നിക്ഷ്പക്ഷമാന്യര് വളരെ നന്ദി പ്രവൃത്തിച്ചു ഐക്യത്തെ അയിത്തമാക്കീട്ടുണ്ടല്ലോ. സൂര്യപ്രകാശത്തെ കണ്ണടച്ചു ഇരുട്ടാക്കാമെന്നു കരുതിയത് മഹാത്ഭുതം. റസൂൽ(സ) തങ്ങൾ അവർകളുടെ സന്താനങ്ങൾ ഉമ്മത്തികൾക്ക് എപ്പോഴും രക്ഷ എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഇസ്‌ലാംമതത്തെ പുനരാവർത്തനം ചെയ്തു ജീവിപ്പിക്കേണ്ടതിലേക്ക് ഒരുങ്ങിയ ഒരു സംഘത്തെ അസത്യം പ്രവൃത്തിച്ചു രക്ഷപ്പെടുത്തിയും സമുദായത്തെ ഉയർത്തിയതായിരിക്കാം. ഐക്യ മാസിക ലക്കം 1 ഭാഗം 4, ലക്കം 6 ഭാഗം 243, 244-245, ലക്കം 8 ഭാഗം 327

അഹ്‌ലുസുന്നത്ത് വൽ ജമാഅത്ത് എന്ന മഹാസഭക്കാരുടെ പ്രത്യേക ദൃഷ്ടി എന്നിൽ പെട്ടിരിക്കയാൽ ആ മജ്‌ലിസുടെ ഓരോ അംഗങ്ങളും അവരുടെ കടമയെ പ്രവൃത്തിക്കുന്നതിനെ നന്ദിപൂർവ്വം അനുസരിക്കുവീൻ. പൊന്നാനി മഊനത്തുൽ ഇസ്‌ലാം സഭക്കാരുടെ കത്തും നോട്ടീസും മറച്ചുവെച്ചതും എന്റെ ഇപ്പോഴത്തെ നാമത്തെ പിന്താങ്ങിയിരിക്കുന്നു. എന്റെ പൂച്ചട്ടിയിൽ നാട്ടിയ മുൾച്ചെടിക്കു ഞാൻ വളം വെച്ചു വെള്ളം തെളിക്കേണ്ടിവന്നിരിക്കുന്നു. പഴംകഥയിലെ രിപ്പ്‌വാൻ വെങ്കിളിനെപ്പോലെ തുറിച്ചുനോക്കാതെ അടങ്ങുവിൻ. വാൾ എടുത്തവർക്കെല്ലാം വെളിച്ചപ്പാടുണ്ടാകയില്ലെന്നറിയുവിൻ, ഒസ്സലാം ഐക്യമാസികകളിലും മറ്റും പ്രസിദ്ധം ചെയ്ത മലയാള ഭാഷയിൽ ചോനകൻ വീട്ടുപറിപ്പിനാൽ ഏർപ്പെട്ട കാഠിന്യം ആ ഭാഷയിൽ ധാരാളം അറിവുള്ള ഹിന്ദു സഹോദരൻമാരോട് ചോദിച്ചറിഞ്ഞു പാകം വരുത്തി സത്യ വിശ്വാസത്തെ സ്ഥിരപ്പെടുത്തി പുനർജീവിത ആഘോഷത്തെ കൊണ്ടാടുവിൻ. മതസംബന്ധമായ വിഷയങ്ങളിൽ സമുദായ ഉയർച്ച ഈ മട്ടിൽ എത്തിരിക്കുന്നെന്നു അറിഞ്ഞു ഉണരുവിൻ.

ഹനഫി മദ്ഹബിൽ കഴുത ഇറച്ചി ശുദ്ധമെന്നോ അശുദ്ധമെന്നോ തീർച്ചപ്പെടാതെ സംശയത്തിൽ നിൽക്കുന്നു. ടി. സംഭാഷണത്തിൽ ഐക്യരുടെ സ്ഥിതി സംശയമായിരിക്കയാൽ പരീക്ഷക്കുവേണ്ടി ഹുസ്നുള്ളന്ന(നല്ല നടപ്പു ജാമ്യത്തിൽ) മേൽ വിടപ്പെടുകയും ഒരു യാമത്തിനു മുമ്പെ തന്നെ ചതി പ്രവൃത്തിച്ചു കേഡി ആകയും ചെയ്തതിനാൽ എനി മേൽ സംശയിക്കണ്ടതില്ലാമെന്ന് നിഷ്ക്കളങ്കമായി തെളിയുന്നു. മാസികകളാലും മറ്റും ഇവരുടെ



കൂട്ട് പഞ്ചലോകമാണെന്നു പറയേണ്ടിവന്നിരിക്കുന്നു.

1. അലിഗർ, കോളേജ് നേച്ചർ, സെർ, സയ്യിദ് അഹമ്മദ് ഖാനുടെ നേർച്ചരീയ്യ, 2. ശിബിലി നുഅ്മാനിയുടെ നദവിയ്യാ, 3.ഇബ്നുതീമിയ്യ, ഇബ്നുഖയ്യിം, ഇബ്ൻ അബ്ദുൽ ഹാദി മുതലായവരുടെ പിൻഗാമി മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് നജ്ദിയുടെ വഹാബിയ്യ, 4. ഈജിപ്തിൽ പടുമുളയായെ പുതുമുള മുഹമ്മദ് അബ്ദയുടെ അബ്ദിയ്യാ, 5. ആര്യസമാജം ഇത്തരങ്ങളാൽ കലക്ക് കൂട്ടുപിടിച്ച തരക്കാരെ ഏറ്റെടുത്തുകൊണ്ടും പൊന്നാനി മഊനത്തുൽ ഇസ്‌ലാം മഹാസഭയുടെ പഠിപ്പ് രീതി മാറ്റണമെന്നു പറയുന്ന മാന്യർക്ക് ഇസ്‌ലാം മത രീതി ധാരാളം അറിവുണ്ടായിരിക്കാം. സ്വരൂപം കൊണ്ടു ജാതി അറിവാൻ തരമില്ലാതെവരും മതനിയമങ്ങളിൽ മഹാപണ്ഡിതർ തന്നെ.

സഹോദർകളെ! ഇവരിൽ ഒരു തരക്കാരെ പൊതുജനങ്ങൾക്കു പലേ തെറ്റുബോധനകളെ ഓട്ടി സമയത്തിനനുസരിച്ച തന്ത്രം കാട്ടി മുൻകഴിഞ്ഞ മഹാൻകളെ മുഠാളന്മാർക്കു തീർക്കേണ്ടതിനു പല ഗോഷ്ടിയും ഊട്ടിക്കൊണ്ടു മദ്റസ്സാ എന്ന പേര് കൊടുത്തു കളരികളിൽ ആണും പെണ്ണും ഭേദമില്ലാതെ കുട്ടികളെ കലർത്തി സ്ത്രീകളുടെ ലജ്ജയെ ചെറുപ്രായത്തിൽ തന്നെ നീക്കിവരുന്നുണ്ട്. കബർസ്ഥലങ്ങൾ ഇവകളിൽ ഉപയോഗപ്പെടുത്തിയും ദറസ്സുകൾക്കുള്ള വഖഫ് സൊത്തുക്കൾ ഈവക അന്തപ്പഠിപ്പുകളിൽ ചിലവിറക്കിയും കൊണ്ടു പരിശ്രമികൾ ഗ്രഢമായി ചില തുകകൾ വസൂലാക്കി കാലം തള്ളിവിടുന്നു. മാസികകളിലും മറ്റും അടങ്ങിയിരിക്കുന്ന മതനിയമ വിരോധ വാചകങ്ങൾ പെറുക്കി എട്ടു മഹാ ഉലമാക്കളാൽ ഏർപ്പെട്ട് റദ്ദ് ഉടനെ വായിച്ചറിയാം.

എസ്സ്. എം. മൗലവി,
ഉമ്മർ സാഹിബ് വിദ്യാവിലാസം അച്ചുകൂടം-കോഴിക്കോട്''[33]

ഐക്യസംഘത്തിന്റെ കോഴിക്കോട് വാർഷിക സമ്മേളനം വമ്പിച്ച വിജയമായിരുന്നുവെങ്കിലും

സമ്മേളനത്തിനുശേഷം യാഥാസ്ഥിതിക നേതൃത്വം ഐക്യസംഘത്തിനെതിരെ ശക്തമായ ആക്രമണങ്ങൾ അഴിച്ചുവിടുകയുണ്ടായി. ഗവൺമെന്റിന് പരാതി നൽകിയും പല കള്ളക്കഥകളും നിർമിച്ച് പൊതുജനങ്ങൾക്കിടയിൽ വാറോലകൾ വിതരണം ചെയ്തും ഐക്യസംഘത്തിന്റെ പ്രയാണത്തെ തടസ്സപ്പെടുത്താൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ ആശയങ്ങളെ തകർക്കുന്നതിനുവേണ്ടിയാണ് ഐക്യസംഘം പ്രവർത്തിക്കുന്നത് എന്ന തരത്തിൽ കളവുകൾ പ്രചരിപ്പിച്ചും മലയാള ഭാഷയിൽ അറിവില്ലാത്ത ജനങ്ങളോട് സംഘത്തിന്റെ പ്രസിദ്ധീകരണങ്ങൾക്ക് അസഭ്യം ദ്യോതിപ്പിക്കുന്ന അർത്ഥങ്ങൾ നൽകി പരിഹസിച്ചും സംഘത്തിന്റെ മേൽ വെറുപ്പുണ്ടാക്കുന്നതിനായി കേരളത്തിന്റെ നാനാഭാഗത്തേക്കും അവർ ഏജന്റുമാരെ അയച്ചു. ഐക്യസംഘത്തെക്കുറിച്ചു തെറ്റിദ്ധാരണകളുണ്ടാക്കുന്നതിനായി ചില പുസ്തകങ്ങളും അവർ പ്രസിദ്ധം ചെയ്തു. അവയിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു പൊന്നാനിയിലെ അബ്ദുല്ലക്കുട്ടി മുസ്ല്യാരും മുഹമ്മദ് കുട്ടി മുസ്ല്യാരും കൂടി പ്രസിദ്ധപ്പെടുത്തിയ 'ഇഅ്‌ലാൻ' എന്ന പുസ്തകം. ഈ പുസ്തകത്തിൽ ഇ.കെ.മൗലവിയുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന ഐക്യസംഘത്തിന്റെ പ്രസിദ്ധീകരണമായ 'അൽഇർശാദി'നെക്കുറിച്ച് അടിസ്ഥാനരഹിതമായ പല ആരോപണങ്ങളും ഉന്നയിക്കുകയുണ്ടായി. 'ഇഅ്‌ലാനി'ൽ 'അൽഇർശാദി'നെക്കുറിച്ച് എഴുതിയിരിക്കുന്നത് യഥാർഥമാണെന്ന് തെളിയിച്ചാൽ ആയിരം രൂപ ഇനാം നൽകാം എന്ന് പ്രഖ്യാപിച്ചു കൊണ്ട് ഇതിനെതിരെ മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി




'അൽഅമീൻ' പത്രത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. തങ്ങൾ കളവു പറയുന്നവരല്ല എന്ന് തെളിയിക്കാൻ വേണ്ടിയെങ്കിലും അതിനെതിരെ ലേഖനമെഴുതുമെന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും അങ്ങനെ എഴുതാൻ യാഥാസ്ഥിതികർ തയ്യാറായില്ല എന്നത് ആശയപരമായ അവരുടെ പാപ്പരത്തം വ്യക്തമാക്കുന്നതായിരുന്നു.

'അൽഅമീൻ' പത്രാധിപരായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഈ ഘട്ടത്തിൽ ഇടപെടുകയും മുസ്ല്യാക്കളുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ അഭിമുഖ സംഭാഷണത്തിലൂടെ തീർക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മണപ്പാട് കുഞ്ഞഹമ്മദ് ഹാജിക്ക് കത്തയക്കുകയും ചെയ്തു. അബ്ദുല്ലക്കുട്ടി മുസ്ല്യാരും സംഘവും അതിനു തയ്യാറാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ല എങ്കിലും സംഭാഷണത്തിനു തയ്യാറാണെന്നറിയിച്ചുകൊണ്ട് മണപ്പാട് കുഞ്ഞഹമ്മദാജി അബ്ദുറഹ്മാൻ സാഹിബിന് മറുപടി നൽകി. ഇ.കെ.മൗലവിയും സീതിസാഹിബും സംഭാഷണത്തിനായി കോഴിക്കോട്ട് എത്താമെന്നും അറിയിച്ചു. അഭിമുഖ സംഭാഷണം കോഴിക്കോട് പുതിയ മാളിയേക്കൽ ആറ്റക്കോയ തങ്ങളുടെ വസതിയിൽവെച്ച് നടത്താമെന്നും അതിനായി ശവ്വാൽ 5നും 10നും ഇടയിൽ കോഴിക്കോട്ട് എത്തണമെന്നും ടി മുസ്ല്യാക്കൾ അവിടെ വരുമെന്നും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് അറിയിച്ചു. മണപ്പാട് കുഞ്ഞഹമ്മദ് ഹാജിയും സിക്കന്തർസാഹിബും ഏപ്രിൽ 30ന്, നിശ്ചയിച്ച തീയതിക്കു മുമ്പേതന്നെ കോഴിക്കോട്ടെത്തി. അബ്ദുല്ലക്കുട്ടിമുസ്ല്യാരുടെ കത്തും അബ്ദുറഹ്മാൻ സാഹിബിന്റെ കുറിപ്പും പ്രസിദ്ധീകരിച്ച അൽഅമീൻ പത്രമാണ് കോഴിക്കോട്ടെത്തിയപ്പോൾ അവരെ എതിരേറ്റത്. മണപ്പാടിന് അബ്ദുറഹിമാൻ സാഹിബ് എഴുതിയ കത്തും ലഭിച്ചു. അബ്ദുല്ലക്കുട്ടി മുസ്ല്യാർ അഭിമുഖ സംഭാഷണത്തിനു തയ്യാറല്ലെന്നറിഞ്ഞ ഐക്യസംഘം പ്രവർത്തകർക്ക് യാതൊരു നിരാശയും അനുഭവപ്പെട്ടില്ല. അവർ അത് നേരത്തെ പ്രതീക്ഷിച്ചതായിരുന്നു.[34]

*അവലംബം:*

*33. ഐക്യസംഘം രേഖകൾ, അബ്ദുറഹ്മാൻ മങ്ങാട്, ഗ്രേസ് ബുക്സ്, പേജ് 48-51.*

*34. 28.05.1925ന് മാതൃഭൂമി ദിനപത്രത്തിൽ 'മുസ്‌ലിം ഐക്യസംഘത്തിൽനിന്ന്' എന്ന തലക്കെട്ടിൽ മണപ്പാട്ട് കുഞ്ഞഹമ്മദ്ഹാജി എഴുതിയ ലേഖനത്തിൽനിന്ന്-ഐക്യസംഘം രേഖകൾ, അബ്ദുറഹ്മാൻ മങ്ങാട്, ഗ്രേസ് ബുക്സ്, പേജ് 54,55.*

# സൂറ: സ്വാഫ്ഫാത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 37

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

147. അദ്ദേഹത്തെ നാം ഒരു ലക്ഷമോ അതിലധികമോ വരുന്ന ജനവിഭാഗത്തിലേക്ക് നിയോഗിച്ചു.

148. അങ്ങനെ അവർ വിശ്വസിക്കുകയും തൽഫലമായി കുറെ കാലത്തേക്ക് അവർക്ക് നാം സുഖജീവിതം നൽകുകയും ചെയ്തു.

149. എന്നാൽ (നബിയേ,) നീ അവരോട് (ബഹുദൈവ വിശ്വാസികളോട്) അഭിപ്രായം ആരായുക; നിന്റെ രക്ഷിതാവിന് പെൺമക്കളും അവർക്ക് ആൺമക്കളുമാണോ എന്ന്.

150. അതല്ല നാം മലക്കുകളെ സ്ത്രീകളായി സൃഷ്ടിച്ചതിന് അവർ ദൃക്സാക്ഷികളായിരുന്നോ?

151. അറിഞ്ഞേക്കുക; അവർ പറയുന്നത് തീർച്ചയായും അവരുടെ വ്യാജനിർമിതിയിൽ പെട്ടതാകുന്നു.

152. അല്ലാഹു സന്തതികൾക്കു ജൻമം നൽകിയിട്ടുണ്ടെന്ന്. തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെയാകുന്നു.

153. ആൺമക്കളെക്കാളുപരിയായി അവൻ പെൺമക്കളെ തെരഞ്ഞെടുത്തുവെന്നോ?

154. നിങ്ങൾക്കെന്തുപറ്റി? എപ്രകാരമാണ് നിങ്ങൾ വിധി കൽപിക്കുന്നത്?

155. നിങ്ങൾ ആലോചിച്ച് നോക്കുന്നില്ലേ?

156. അതല്ല, വ്യക്തമായ വല്ല പ്രമാണവും നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ?

157. എന്നാൽ നിങ്ങൾ നിങ്ങളുടെ രേഖ കൊണ്ടുവരുവിൻ; നിങ്ങൾ സത്യവാൻമാരാണെങ്കിൽ.

158. അല്ലാഹുവിനും ജിന്നുകൾക്കുമിടയിൽ അവർ കുടുംബബന്ധം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ തീർച്ചയായും തങ്ങൾ ശിക്ഷയ്ക്ക് ഹാജരാക്കപ്പെടുകതന്നെ ചെയ്യുമെന്ന് ജിന്നുകൾ മനസ്സിലാക്കിയിട്ടുണ്ട്.

وَأَرْسَلْنَٰهُ إِلَىٰ مِا۟ئَةِ أَلْفٍ أَوْ يَزِيدُونَ ١٤٧

فَـَٔامَنُوا۟ فَمَتَّعْنَٰهُمْ إِلَىٰ حِينٍ ١٤٨

فَٱسْتَفْتِهِمْ أَلِرَبِّكَ ٱلْبَنَاتُ وَلَهُمُ ٱلْبَنُونَ ١٤٩

أَمْ خَلَقْنَا ٱلْمَلَٰٓئِكَةَ إِنَٰثًا وَهُمْ شَٰهِدُونَ ١٥٠

أَلَآ إِنَّهُم مِّنْ إِفْكِهِمْ لَيَقُولُونَ ١٥١

وَلَدَ ٱللَّهُ وَإِنَّهُمْ لَكَٰذِبُونَ ١٥٢

أَصْطَفَى ٱلْبَنَاتِ عَلَى ٱلْبَنِينَ ١٥٣

مَا لَكُمْ كَيْفَ تَحْكُمُونَ ١٥٤

أَفَلَا تَذَكَّرُونَ ١٥٥

أَمْ لَكُمْ سُلْطَٰنٌ مُّبِينٌ ١٥٦

فَأْتُوا۟ بِكِتَٰبِكُمْ إِن كُنتُمْ صَٰدِقِينَ ١٥٧

وَجَعَلُوا۟ بَيْنَهُۥ وَبَيْنَ ٱلْجِنَّةِ نَسَبًا ۚ وَلَقَدْ عَلِمَتِ ٱلْجِنَّةُ إِنَّهُمْ لَمُحْضَرُونَ ١٥٨

سُبۡحَٰنَ ٱللَّهِ عَمَّا يَصِفُونَ ١٥٩

159. അവർ ചമച്ചുപറയുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!

إِلَّا عِبَادَ ٱللَّهِ ٱلۡمُخۡلَصِينَ ١٦٠

160. എന്നാൽ അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസൻമാർ (ഇതിൽനിന്നെല്ലാം) ഒഴിവാകുന്നു.

فَإِنَّكُمۡ وَمَا تَعۡبُدُونَ ١٦١

161. എന്നാൽ നിങ്ങൾക്കും നിങ്ങൾ എന്തിനെ ആരാധിക്കുന്നുവോ അവയ്ക്കും

مَآ أَنتُمۡ عَلَيۡهِ بِفَٰتِنِينَ ١٦٢

162. അല്ലാഹുവിന്നെതിരായി (ആരെയും) കുഴപ്പത്തിലാക്കാനാവില്ല; തീർച്ച.

إِلَّا مَنۡ هُوَ صَالِ ٱلۡجَحِيمِ ١٦٣

163. നരകത്തിൽ വെന്തെരിയാൻ പോകുന്നവനാരോ അവനെയല്ലാതെ.

وَمَا مِنَّآ إِلَّا لَهُۥ مَقَامٞ مَّعۡلُومٞ ١٦٤

164. (മലക്കുകൾ ഇപ്രകാരം പറയും:) നിശ്ചിതമായ ഓരോ സ്ഥാനമുള്ളവരായിട്ടല്ലാതെ ഞങ്ങളിൽ ആരുംതന്നെയില്ല.

وَإِنَّا لَنَحۡنُ ٱلصَّآفُّونَ ١٦٥

165. തീർച്ചയായും ഞങ്ങൾതന്നെയാണ് അണിനിരന്ന് നിൽക്കുന്നവർ.

وَإِنَّا لَنَحۡنُ ٱلۡمُسَبِّحُونَ ١٦٦

166. തീർച്ചയായും ഞങ്ങൾതന്നെയാണ് (അല്ലാഹുവിന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കുന്നവർ.

---

(147). വീണ്ടും അദ്ദേഹത്തോട് ദയ കാണിച്ചുകൊണ്ട് വലിയൊരനുഗ്രഹം നൽകി. അത് അദ്ദേഹത്തെ ദൂതനായി അയച്ചതാണ്. (ഒരു ലക്ഷം വരുന്നവരിലേക്ക്) ഒരു ലക്ഷം ജനങ്ങൾ. (അതിലധികമോ വരുന്ന) അതിനർഥം അവർ അതിൽ കൂടുതലോ കുറവോ ഉണ്ടായിരുന്നില്ല എന്നാണ്. അങ്ങനെ അദ്ദേഹം അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു.

(148). (അങ്ങനെ അവർ വിശ്വസിക്കുകയും) അതും അദ്ദേഹത്തിന്റെ കർമങ്ങളുടെ തുലാസിൽ വരും. കാരണം, അദ്ദേഹമാണ് അവരെ ക്ഷണിച്ചത്. (കുറെ കാലത്തേക്ക് അവർക്ക് നാം സുഖജീവിതം നൽകുകയും ചെയ്തു) അവരിൽനിന്ന് അല്ലാഹു ശിക്ഷയെ തിരിച്ചുവിട്ടു. അതിനുള്ള കാരണങ്ങൾ ഉണ്ടായി.

فَلَوۡلَا كَانَتۡ قَرۡيَةٌ ءَامَنَتۡ فَنَفَعَهَآ إِيمَٰنُهَآ إِلَّا قَوۡمَ يُونُسَ لَمَّآ ءَامَنُواْ كَشَفۡنَا عَنۡهُمۡ عَذَابَ ٱلۡخِزۡيِ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَمَتَّعۡنَٰهُمۡ إِلَىٰ حِينٖ ٩٨

“ഏതെങ്കിലും ഒരു രാജ്യം വിശ്വാസം സ്വീകരിക്കുകയും വിശ്വാസം അതിന് പ്രയോജനപ്പെടുകയും ചെയ്യാത്തതെന്ത്? യൂനുസിന്റെ ജനത ഒഴികെ. അവർ വിശ്വസിച്ചപ്പോൾ ഇഹലോകത്തിലെ അപമാനകരമായ ശിക്ഷ അവരിൽ നിന്നും നാം നീക്കം ചെയ്യുകയും ഒരു നിശ്ചിത കാലംവരെ നാം അവർക്ക് സൗഖ്യം നൽകുകയും ചെയ്തു.”

(149). അല്ലാഹു തന്റെ ദൂതനായ മുഹമ്മദി(സ്വ)നോട് പറയുന്നു: (നീ അവരോട് അഭിപ്രായം ആരായുക) അതായത് അല്ലാഹുവിന്റെ കൂടെ മറ്റുള്ളവരെക്കൂടി പങ്കാളികളാക്കുകയും മലക്കുകളെ ആരാധിക്കുകയും അവർ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരോട് ചോദിക്കുക. അവർ അല്ലാഹുവിൽ പങ്കുചേർക്കുകയും അവന്റെ മഹത്ത്വത്തിന് നിരക്കാത്ത വിശേഷണങ്ങൾ അവന് നൽകുകയും ചെയ്യുന്നു. (നിന്റെ രക്ഷിതാവിന് പെൺമക്കളും അവർക്ക് ആൺമക്കളുമാണോ എന്ന്) ഇത് അന്യായമായ വിഭജനമാണ്; അക്രമപരമായ വാക്കും. ഒരു ഭാഗത്ത് അല്ലാഹുവിന് സന്താനങ്ങളെ ജൽപിക്കുന്നു; മറ്റൊരു വശത്ത് ഏറ്റവും മോശമായ വിഭജനം; അവർക്ക് ഇഷ്ടമില്ലാത്ത പെൺമക്കളെ അല്ലാഹുവിന്. മറ്റു വചനങ്ങളിലും ഇത് വന്നിട്ടുണ്ട്.

وَيَجۡعَلُونَ لِلَّهِ ٱلۡبَنَٰتِ سُبۡحَٰنَهُۥ وَلَهُم مَّا يَشۡتَهُونَ ٥٧

“അല്ലാഹുവിന് അവർ പെൺമക്കളെ സ്ഥാപിക്കുന്നു. അവൻ എത്രയോ പരിശുദ്ധൻ. അവർക്കാകട്ടെ, അവൻ ഇഷ്ടപ്പെടുന്നതും” (16:57).

(150). അവരുടെ കളവിനെ കു

റിച്ച് അല്ലാഹു പറയുന്നു: (അതല്ല, നാം മലക്കുകളെ സ്ത്രീകളായി സൃഷ്ടിച്ചതിന് അവർ സാക്ഷികളായിരുന്നോ?) അവരെ സൃഷ്ടിച്ചതിന്. അതായത്, മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവരുടെ സൃഷ്ടിപ്പിന് അവർ സാക്ഷ്യം വഹിച്ചിട്ടില്ല.

(151-152). അറിവില്ലാതെയാണ് അവർ ഈ വാക്കുകൾ പറഞ്ഞതെന്ന് ഈ വാക്കുകളിൽ നിന്ന് മനസ്സിലാകുന്നു. ഇത് അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചതാണ്. അതാണ് അല്ലാഹു പറഞ്ഞത്: (അറിഞ്ഞേക്കുക, അവർ പറയു



(അത് അവരുടെ വ്യാജനിർമിതിയിൽ പെട്ടതാകുന്നു). വ്യക്തമായ കളവ്. (അല്ലാഹു സന്തതികൾക്ക് ജന്മംനൽകിയിട്ടുണ്ടെന്ന് അവർ പറയുന്നു) അവരുടെ ആ വാക്ക് വ്യക്തമായ കളവാണ്. അതിൽ സംശയമില്ല.

153-155). (ആൺമക്കളെക്കാളുപരിയായി അവൻ പെൺമക്കളെ തെരഞ്ഞെടുത്തുവെന്നോ? എപ്രകാരമാണ് നിങ്ങൾ വിധികൽപിക്കുന്നത്?) നിങ്ങൾ പറയുന്ന ഈ വാക്കിനെ കുറിച്ച് നിങ്ങൾ നന്നായി ചിന്തിച്ചിരുന്നുവെങ്കിൽ നിങ്ങൾ ഇത് പറയുമായിരുന്നില്ല.

(156). (അതല്ല, വ്യക്തമായ വല്ല പ്രമാണവും നിങ്ങൾക്ക് വന്നുകിട്ടിയിട്ടുണ്ടോ?) നിങ്ങളുടെ വാക്കിനുള്ള വ്യക്തമായ തെളിവ്; വേദത്തിൽനിന്നോ പ്രവാചകന്മാരിൽനിന്നോ ഉള്ളത്?

(157). അതൊന്നും അവർക്ക് കഴിയില്ല. (എന്നാൽ നിങ്ങൾ നിങ്ങളുടെ രേഖ കൊണ്ടുവരുവിൻ. നിങ്ങൾ സത്യവാന്മാരാണെങ്കിൽ) മതപരമായി തെളിവില്ലാത്ത കാര്യം ആരു പറഞ്ഞാലും അവർ കരുതിക്കൂട്ടി കളവ് പറയുന്നവരാണ്; അല്ലാഹുവിന്റെമേൽ കളവ് പറയുന്നവരും, അറിവില്ലാതെ.

(158). മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നും അവരുടെ മാതാക്കൾ ജിന്നുകളിൽനിന്നുള്ളവരാണെന്നും വാദിക്കുന്നതിലൂടെ അല്ലാഹുവും ജിന്നും തമ്മിൽ ബന്ധമുണ്ടെന്ന് ബഹുദൈവാരാധകർ അവകാശപ്പെടുന്നു. എന്നാൽ ജിന്നുകൾക്കറിയാം; അവർ അല്ലാഹുവിന്റെ സന്നിധിയിൽ കൊണ്ടുവരപ്പെടുമെന്ന്. അവരെ അവൻ നിന്ദ്യരായ അടിമകളാക്കും. അവരും അവനും തമ്മിൽ ബന്ധമുണ്ടായിരുന്നുവെങ്കിൽ അവർക്കങ്ങനെ സംഭവിക്കുമായിരുന്നില്ല.

(159). (അല്ലാഹു എത്രയോ പരിശുദ്ധൻ) ഉന്നതനായ രാജാവ്, സഹനശീലനായ പരിപൂർണൻ. (അവർ ചമച്ചുപറയുന്നതിൽ) ബഹുദൈവാരാധകരുടെ അവിശ്വാസത്തിൽനിന്നും അവനിൽ പങ്കുചേർക്കുന്നതിൽനിന്നും അവനെത്രയോ പരിശുദ്ധൻ.

(160). (നിഷ്കളങ്കരായ ദാസന്മാർ ഒഴികെ). ഇവർ-അവിശ്വാസികൾ- പറയുന്ന വിശേഷണങ്ങൾ അല്ലാഹു പറഞ്ഞിട്ടില്ലാത്തതാണ്. അവൻ പറഞ്ഞതേ ഇവർ പറയൂ. അതുകൊണ്ടാണ് ഇവർ നിഷ്കളങ്കരായത്.

(161-163). ഓ, ബഹുദൈവവിശ്വാസികളേ, അല്ലാഹുവോടൊപ്പം നിങ്ങൾ ആരാധിക്കുന്നവയ്ക്കും നിങ്ങൾക്കും അല്ലാഹു നരകം വിധിച്ചവരല്ലാത്ത ഒരാളെയും കുഴപ്പത്തിലാക്കാനോ വഴിതെറ്റിക്കാനോ ആവില്ല. അവനിൽ അല്ലാഹുവിന്റെ വിധി നടപ്പിലാകും. ഇവിടെ പറയുന്നത് അവരുടെയും അവരുടെ ദൈവങ്ങളുടെയും അശക്തിയെ കുറിച്ചാണ്. അവർക്ക് ആരെയും വഴിതെറ്റിക്കാനാവില്ല. അല്ലാഹുവിന്റെ കഴിവിനെക്കുറിച്ചും ഇവിടെ പരാമർശിക്കുന്നു. നിഷ്കളങ്കരായ അവന്റെ ദാസന്മാരെയും വിജയിച്ച കക്ഷികളെയും വഴിതെറ്റിക്കുമെന്ന് നിങ്ങൾ മോഹിക്കേണ്ടതില്ല.

(164). ബഹുദൈവാരാധകർ ആരോപിക്കുന്ന കാര്യങ്ങളിൽ മലക്കുകൾ നിരപരാധികളാണെന്നും ഒരു നിമിഷം പോലും അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കാത്ത അടിമകളാണ് അവരെന്നും ഇവിടെ എടുത്തുപറയുന്നു. അവർക്കോരോരുത്തർക്കും നിയുക്ത സ്ഥലവും ചുമതലകളും ഉണ്ട്. അവർ അതിനപ്പുറം പോകില്ല. അവർക്ക് അവരുടെ കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ല.

(161-166). (ഞങ്ങൾ തന്നെയാണ് അണിനിരന്ന് നിൽക്കുന്നവർ) അല്ലാഹുവിനെ അനുസരിക്കാനും അവന് സേവനം ചെയ്യാനും. (തീർച്ചയായും ഞങ്ങൾതന്നെയാണ് പരിശുദ്ധിയെ പ്രകീർത്തിക്കുന്നവർ) തീർച്ചയായും ഞങ്ങൾ അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും അവന്റെ മഹത്ത്വത്തിന് യോജിക്കാത്തതിൽ നിന്നെല്ലാം അവനെ പരിശുദ്ധിപ്പെടുത്തുകയും ചെയ്യുന്നവരാകുന്നു. ഈ വിശേഷണങ്ങളുള്ള അല്ലാഹുവിന് എങ്ങനെ പങ്കുകാരുണ്ടാകും? അവരുടെ വാക്കുകളിൽനിന്ന് അല്ലാഹു ഏറെ ഉന്നതനും മഹാനുമാകുന്നു. ■



ദുൽഹിജ്ജ 8: മക്കയിലെ ഹാജിമാർ ദുൽഹിജ്ജ 8ന് രാവിലെ എവിടെയാണോ താമസിക്കുന്നത് അവിടെനിന്ന് 'അല്ലാഹുമ്മ ലബ്ബൈക ഹജ്ജൻ' എന്നോ 'ലബ്ബൈകല്ലാഹുമ്മ ഹജ്ജൻ' എന്നോ പറഞ്ഞ് ഹജ്ജിന് ഇഹ്റാം ചെയ്യുക.

പുരുഷന്മാരുടെ ഇഹ്റാം വസ്ത്രം, ഉടുക്കാൻ ഒരു തുണിയും പുതക്കാൻ മറ്റൊരു തുണിയുമാണ്. തല മറയ്ക്കാൻ പാടില്ല. എന്നാൽ സ്ത്രീകൾക്ക് അവരുടെ ഏത് വസ്ത്രവും ഇഹ്റാമായി ധരിക്കാം. ഇസ്‌ലാമിക വസ്ത്രധാരണമായിരിക്കണം. മുഖവും മുൻകൈയും മറയ്ക്കാൻ പാടില്ല. ഇരുവരും ഇഹ്റാമിന്റെ മറ്റു നിഷിദ്ധങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക.

**തൽബിയ്യത്ത്**

ഇഹ്റാമിനുശേഷം തൽബിയ്യത്ത് ചൊല്ലിക്കൊണ്ട് മിനയിലേക്ക് ഉച്ചയോടുകൂടി പ്രവേശിക്കുക.

തൽബിയ്യത്തിന്റെ രൂപം:

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ، وَالنِّعْمَةَ، لَكَ وَالْمُلْكَ، لاَ شَرِيكَ لَكَ

"അല്ലാഹുവേ, നിന്റെ വിളിക്ക് ഉത്തരം നൽകി ഞാൻ ഇതാ വന്നിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരുമില്ല. നിന്റെ വിളിക്ക് ഞാനിതാ



ഇഹ്ജാസ് ബിൻ ഇസ്മാഈൽ,
മസ്ക്കത്ത്
: 00968 98242217

# ഹജ്ജിന്റെ കർമങ്ങൾ; ലഘുവിവരണം

ഉത്തരം നൽകി വന്നിരിക്കുന്നു. തീർച്ചയായും സ്തുതിയും അനുഗ്രഹവും രാജാധികാരവും നിനക്കുതന്നെ. നിനക്ക് യാതൊരു പങ്കുകാരുമില്ല.”

**മിന**

മിനയിൽ എത്തിക്കഴിഞ്ഞാൽ ദ്വുഹ്റിന്റെ സമയത്ത് രണ്ടു റക്അത്ത് ജമാഅത്തായി നമസ്കരിക്കുക. അസ്റിന്റെ സമയത്ത് അസ്റും രണ്ട് റക്അത്ത് ജമാഅത്തായി നമസ്കരിക്കുക.

(മിനയിൽ ഹാജിമാർ നമസ്കാരം ഓരോ വക്തിന്റെയും സമയത്ത് ക്വസ്ർ ആക്കി; ജംഅ് ആക്കാതെ നിർവഹിക്കുകയാണ് വേണ്ടത്).

നാലു റക്അത്തുള്ള ദ്വുഹ്ർ, അസ്ർ, ഇശാഅ് എന്നീ നമസ്കാരങ്ങൾ രണ്ടു റക്അത്തായി ചുരുക്കി അതാതിന്റെ സമയത്ത് നിർവഹിക്കുക. മക്കയിൽ സ്ഥിരതാമസക്കാരായ ഹാജിമാരും മിനയിൽ ഇങ്ങനെയാണ് നമസ്കരിക്കേണ്ടത്.

(ദുൽഹിജ്ജ 10, 11, 12, 13 ദിവസങ്ങളിലും ഹാജിമാർ മിനയിൽ ഉള്ളപ്പോൾ ഇങ്ങനെയാണ് നമസ്കരിക്കേണ്ടത്).

ദുൽഹിജ്ജ 8ന് ഹാജിമാർ മിനയിൽ രാപാർക്കണം. സമയം പരമാവധി ഉപയോഗപ്പെടുത്തണം. തൽബിയ്യത്ത്, ദിക്ർ, ക്വുർആൻ പാരായണം, പ്രാർഥന തുടങ്ങിയ ആരാധനകളിൽ മുഴുകുക.

ദുൽഹിജ്ജ 8ന് മിനയിൽ ഒരുപാട് സമയം ഉള്ളതുപോലെ അനുഭവപ്പെടുന്നതുകാരണം നമസ്കാരം ചുരുക്കാതെ നിർവഹിക്കൽ, അനാവശ്യസംസാരങ്ങളിൽ മുഴുകൽ, ഉറങ്ങി സമയം കളയൽ എന്നിവ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**ദുൽഹിജ്ജ ഒമ്പത്**

ദുൽഹിജ്ജ 9, അറഫ ദിനം: സുബ്ഹി നമസ്കാരം ജമാഅത്തായി നിർവഹിച്ച ശേഷം അറഫയിലേക്ക് പുറപ്പെടുക. അത്യാവശ്യ സാധനങ്ങൾ, അല്പം ഭക്ഷണം, കിടക്കാൻ ഒരു വിരിപ്പ്, മരുന്നുകൾ എന്നിവ കൂടെ കരുതുക.

സൗദി ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു പണ്ഡിതൻ അറഫയിൽ ദ്വുഹ്റിന്റെ സമയത്ത് അറഫ ഖുത്വുബ നടത്തും. ശേഷം ദ്വുഹ്റും അസ്റും ജംഉം ക്വസ്റും ആയി നമസ്കരിക്കും. അവരുടെ കൂടെ ജമാഅത്തായി നമുക്കും നമസ്കരിക്കാം. അതിനു സാധിച്ചില്ലെങ്കിൽ ദ്വുഹ്റും അസ്റും ജംഉം ക്വസ്റും ആയി നമസ്കരിക്കുക. ശേഷം മഗ്‌രിബുവരെ അറഫയിൽ പ്രാർഥനയിൽ മുഴുകുക.

**അറഫയിലെ പ്രാർഥന**

لا إلَهَ إلَّا اللّٰهُ وحدَه لا شَريكَ له، له المُلكُ
وله الحمدُ وهو على كلِّ شيءٍ قديرٌ

“അല്ലാഹുവല്ലാതെ യഥാർഥത്തിൽ ആരാധനക്കർഹനായി ആരുമില്ല. അവൻ ഏകനാണ്. അവന് യാതൊരു പങ്കുകാരനുമില്ല. അവനാണ് ആധിപത്യം. അവനാണ് സർവസ്തുതിയും.

അവൻ എല്ലാറ്റിനും കഴിവുള്ളവനാകുന്നു.''

**മുസ്ദലിഫ**

സൂര്യാസ്തമയത്തിനു ശേഷം അറഫയിൽനിന്ന് മുസ്ദലിഫയിലേക്ക് പുറപ്പെടുക. മുസ്ദലിഫയിൽ എത്തിയാൽ അവിടെവെച്ച് മഗ്‌രിബ് 3 റക്അത്തും ഇശാഅ് 2 റക്അത്തും ജംഉം ക്വസ്റുമായി നമസ്കരിച്ച് അവിടെ കിടന്നുറങ്ങുക. മുസ്ദലിഫയിൽ കിടന്നുറങ്ങുക എന്നത് ഇബാദത്താണ്.

**ദുൽഹിജ്ജ പത്ത്**

ദുൽഹിജ്ജ പത്തിന് നേരത്തെ എഴുന്നേറ്റ് തഹജ്ജുദും സ്വുബ്ഹിയുടെ സുന്നത്തും ശേഷം സ്വുബ്ഹിയും മുസ്ദലിഫയിൽവെച്ച് നമസ്കരിച്ച് അവിടെയുള്ള മശ്ഹറുൽ ഹറാം എന്ന പേരിൽ അറിയപ്പെടുന്ന പള്ളിയെ മുന്നിലാക്കി കഅ്ബയിലേക്കു തിരിഞ്ഞ് സൂര്യോദയംവരെ കൈകളുയർത്തി പ്രാർഥിക്കുക. സൂര്യോദയത്തിനുശേഷം മിനയിലേക്ക് പുറപ്പെടുകയും ടെന്റിൽ എത്തിയാൽ സാധനങ്ങളെല്ലാം അവിടെ വെച്ച് അമീറുമാർ നിർദേശിക്കുന്ന സമയത്ത് മക്കയോട് ഏറ്റവും അടുത്ത് നിൽക്കുന്ന ജംറത്തുൽ അക്വബ (ജംറത്തുൽകുബ്റാ) എന്ന് അറിയപ്പെടുന്ന ജംറയിൽ കടലമണിയോളം വലിപ്പമുള്ള ഏഴു കല്ലുകൾ ഒന്നിനു പുറകെ ഒന്നായി തക്ബീർ (അല്ലാഹു അക്ബർ) ചൊല്ലിക്കൊണ്ട് എറിയുക.

**ഹജ്ജിന്റെ ബലികർമം**

ശേഷം ഹജ്ജിന്റെ അറവു നടത്തുക. ഗവൺമെന്റിന്റെ കീഴിൽ ബലിക്കുള്ള പണം അടച്ച ആളുകൾക്ക് വേണ്ടി അതിനു ചുമതലയുള്ള ഗവൺമെന്റ് പ്രതിനിധികൾ കൃത്യമായി അത് നിർവഹിക്കും. ബലി സ്വന്തമായി അറുക്കാൻ ആഗ്രഹിക്കുന്നവർക്ക് മിനയിൽ അതിനുള്ള വിശാലമായ സൗകര്യവുമുണ്ട്. തന്റെ ബലിയിൽനിന്ന് അല്പം മാംസം വേവിച്ച് കഴിക്കൽ സുന്നത്തിൽ പെട്ടതാണ്. അത് സാഹചര്യങ്ങളും സൗകര്യങ്ങളുമുള്ള ആളുകൾ ചെയ്താൽ മതി.

**മുടി കളയൽ**

ബലി നിർവഹിച്ചുകഴിഞ്ഞാൽ പുരുഷന്മാർ മുടി മുഴുവനും കളയുക (വടിക്കുക). സ്ത്രീകൾ അവരുടെ മുടിയെല്ലാം കൂട്ടിപ്പിടിച്ച് ഒരു വിരൽക്കൊടിയോളം നീളത്തിൽ വെട്ടുകയാണ് വേണ്ടത്. മുടി കളയാനുള്ള വിശാലമായ സൗകര്യം മിനയിലും മക്കയിലുമുണ്ട്.

ഈ മൂന്ന് കാര്യങ്ങൾ, അഥവാ ജംറതുൽ അക്വബയിലെ കല്ലേറും ബലിയറുക്കലും മുടി കളയലും ചെയ്തുകഴിഞ്ഞാൽ ഒന്നാമത്തെ തഹല്ലുൽ ആയി. ഭാര്യാഭർതൃബന്ധം ഒഴിച്ച് ഇഹ്റാമിലെ മറ്റു നിഷിദ്ധങ്ങളെല്ലാം അവർക്ക് അനുവദനീയമായി. ഇഹ്റാമിന്റെ വസ്ത്രം ഒഴിവാക്കി സാധാരണ വസ്ത്രം ധരിക്കാവുന്നതാണ്. ഇത് മുതൽ തൽബിയ്യത്ത് അവസാനിപ്പിക്കുക. മറ്റു ദിക്റുകൾ, പ്രാർഥനകൾ എന്നിവ തുടരുക.

**ത്വവാഫുൽ ഇഫാദ**

തുടർന്ന് ത്വവാഫുൽ ഇഫാദയും സഅ്‌യും ചെയ്യാനായി മക്കയിലേക്ക് പുറപ്പെടുക. ഉംറയിൽ ത്വവാഫ് ചെയ്തതുപോലെ ഹജ്ജിന്റെ ത്വവാഫ് ചെയ്യുക. ത്വവാഫ് എന്നാൽ വുദൂഅ് ചെയ്ത് കഅ്ബയെ ഏഴുതവണ ചുറ്റലും മക്വാമു ഇബ്റാഹീമിന്റെ പിന്നിലുള്ള രണ്ടു റക്അത്ത് നമസ്കാരവുമാണ്. എന്നാൽ ഹജ്ജിന്റെ ത്വവാഫിൽ ഇദ്തിബാഉം (വലത് കൈയുടെ ഭാഗം പുറത്ത് കാണിക്കൽ), റംലും (വേഗത്തിലുള്ള നടത്തം) സുന്നത്തില്ല എന്ന് നാം പ്രത്യേകം മനസ്സിലാക്കണം. ശേഷം വയറുനിറയെ സംസം വെള്ളം കുടിക്കുക. അത് പ്രത്യേകം സുന്നത്താണ്.

**സഅ്‌യ്**

തുടർന്ന് സഫാമർവക്കിടയിൽ സഅ്‌യ് നടത്തുക. ഉംറയുടെ സഅ്‌യ് ചെയ്തതുപോലെയാണ് ചെയ്യേണ്ടത്. ശേഷം മിനയിലേക്ക് മടങ്ങി അവിടെ രാപാർക്കണം. (നിർബന്ധമായും മിനയിലേക്ക് എത്തണം).

**ദുൽഹിജ്ജ പത്തിലെ നാലു കർമങ്ങൾ ഒറ്റനോട്ടത്തിൽ**

1. ജംറതുൽ അക്വബയിലെ കല്ലേറ്.

തിരക്കുള്ളവർക്കും നാട്ടിലേക്ക് പെട്ടെന്ന് മടങ്ങേണ്ടവർക്കും ദുൽഹിജ്ജ 12ന് മിനയിൽനിന്ന് ഏറു കഴിഞ്ഞ് മഗ്‌രിബിനു മുമ്പ് പുറത്തുകടന്ന് മക്കയിൽ പോയി ത്വവാഫുൽ വിദാഉം (വിടവാങ്ങൽ ത്വവാഫ്) കഴിഞ്ഞ് യാത്ര തിരിക്കാവുന്നതാണ്. അവർ ദുൽഹിജ്ജ13 ലെ ഏറ് നിർവഹിക്കേണ്ടതില്ല. തിരക്കില്ലാത്ത ആളുകൾ 13ലെ ഏറു കഴിഞ്ഞ് മക്കയിലെ റൂമുകളിലേക്ക് മടങ്ങുക.



2. ബലിയറുക്കൽ.
3. മുടികളയൽ.
4. ത്വവാഫുൽ ഇഫാദയും സഅ്‌യും.

ഇവ മുന്തിപ്പിച്ചും പിന്തിപ്പിച്ചും ഹാജിമാരുടെ സൗകര്യത്തിനനുസരിച്ച് ചെയ്യാവുന്നതാണ്. ത്വവാഫിനും സഅ്‌യിനും ശക്തമായ തിക്കും തിരക്കുമാണെങ്കിൽ അവ ദുൽഹിജ്ജ 13 വരെ പിന്തിപ്പിക്കാവുന്നതാണ്. സൗകര്യപ്പെട്ടില്ലെങ്കിൽ അതിനുശേഷവും ചെയ്യാവുന്നതാണ്.

### ദുൽഹിജ്ജ 11, 12, 13

അയ്യാമുത്തശ്‌രീക് എന്ന പേരിൽ അറിയപ്പെടുന്ന ദുൽഹിജ്ജ 11, 12, 13 എന്നീ ദിവസങ്ങളിൽ ഉച്ച തിരിഞ്ഞതിനു ശേഷം അമീർ നിർദേശിക്കുന്ന സമയത്ത് മൂന്ന് ജംറകളിലും പോയി കല്ലെറിയുക. (ഓരോ ദിവസവും 21 കല്ലുകൾ കയ്യിൽ കരുതുതുക).

### ജംറതുസ്സുഗ്റ

മിനയോട് അടുത്തുനിൽക്കുന്ന ജംറതുസ്സുഗ്റയിൽ പോയി ജംറയെയും കഅ്ബയെയും മുന്നിലാക്കി അല്ലാഹു അക്ബർ എന്നു ചൊല്ലിക്കൊണ്ട് 7 കല്ലുകൾ ഒന്നിനുപുറകെ ഒന്നായി എറിയുക. ശേഷം ജംറയുടെ വലതു വശത്ത് അല്പം മുന്നോട്ടു മാറിനിന്ന് കൈകൾ ഉയർത്തി പ്രാർഥിക്കുക.

### ജംറതുൽ വുസ്ത്വ

ജംറതുൽ വുസ്ത്വയിൽ അല്ലാഹു അക്ബർ എന്നു ചൊല്ലിക്കൊണ്ട് 7 കല്ലുകൾ ഒന്നിനുപുറകെ ഒന്നായി എറിയുക. കല്ലെറിഞ്ഞു കഴിഞ്ഞാൽ ജംറയുടെ ഇടത്തോട്ട് അല്പം മുന്നോട്ടു മാറിനിന്ന് കൈകളുയർത്തി പ്രാർഥിക്കുക.

### ജംറതുൽ അക്വബ

പിന്നീട് ജംറതുൽ അക്വബയിൽ (മക്കയോട് അടുത്ത് നിൽക്കുന്ന ജംറ) മക്കയെ ഇടതുവശത്തും മിനയെ വലതുവശത്തും ആക്കി 7 കല്ലുകൾ എറിയുക. ഇതിനുശേഷം പ്രാർഥനയില്ല. കല്ലെറിഞ്ഞു കഴിഞ്ഞാൽ മിനയിലേക്ക് (ടെന്റിലേക്ക്) മടങ്ങുക. ഈ 3 ദിവസങ്ങളിലും (ദുൽഹിജ്ജ 11, 12, 13) ജംറയിൽ, മുകളിൽ പറഞ്ഞ രൂപത്തിൽ കല്ലെറിയുകയും മിനയിൽ രാപാർക്കുകയും ചെയ്യുക. ദുൽഹിജ്ജ 10ലെ ഏതെങ്കിലും കർമം ചെയ്യാൻ ബാക്കിയുണ്ടെങ്കിൽ ഈ ദിവസങ്ങളിൽ അവ ചെയ്യാവുന്നതാണ്.



തിരക്കുള്ളവർക്കും നാട്ടിലേക്ക് പെട്ടെന്ന് മടങ്ങേണ്ടവർക്കും ദുൽഹിജ്ജ 12ന് മിനയിൽനിന്ന് ഏറു കഴിഞ്ഞ് മഗ്‌രിബിനു മുമ്പ് പുറത്തുകടന്ന് മക്കയിൽ പോയി ത്വവാഫുൽ വിദാഉം (വിടവാങ്ങൽ ത്വവാഫ്) കഴിഞ്ഞ് യാത്രതിരിക്കാവുന്നതാണ്. അവർ ദുൽഹിജ്ജ 13ലെ ഏറ് നിർവഹിക്കേണ്ടതില്ല. തിരക്കില്ലാത്ത ആളുകൾ 13ലെ ഏറു കഴിഞ്ഞ് മക്കയിലെ റൂമുകളിലേക്ക് മടങ്ങുക.

### ത്വവാഫുൽ വിദാഅ

നാട്ടിലേക്ക് എന്നാണോ മടങ്ങുന്നത് അന്ന് ത്വവാഫുൽ വിദാഉം (വിടവാങ്ങൽ ത്വവാഫ്) കഴിഞ്ഞ് യാത്ര തിരിക്കാവുന്നതാണ്.

### ഹജ്ജിന്റെ സമയത്തുള്ള ആർത്തവവും നിഫാസും

ആർത്തവമോ നിഫാസോ ഉള്ള സ്ത്രീകൾക്ക് ഹജ്ജിലെ ത്വവാഫും നമസ്കാരവും ഒഴിച്ച് മറ്റു കർമങ്ങളെല്ലാം ഹാജിമാരുടെ കൂടെ ചെയ്യാവുന്നതാണ്. എന്നാണോ കുളിച്ചു ശുദ്ധിയാകുന്നത് അന്ന് ത്വവാഫ് ചെയ്യുക.

അത്യാവശ്യഘട്ടങ്ങളിൽ ത്വവാഫുൽ ഇഫാദയും ത്വവാഫുൽ വിദാഅയും ഒന്നിച്ച് ചെയ്യാവുന്നതാണ്. ഇതോടുകൂടി ഹജ്ജിന്റെ രൂപം പൂർണമായി. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# കാലുറകൾ, തലപ്പാവ്, ബാൻഡേജ് എന്നിവയിൽ തടവൽ

തോലുകൊണ്ടോ മറ്റോ ഉള്ളതും കാലിൽ ധരിക്കപ്പെടുന്നതുമാണ് 'ഖുഫ്ഫ.' അതിന്റെ ബഹുവചനമാണ് 'ഖിഫാഫ്.' രോമംകൊണ്ടോ മറ്റോ ഉള്ള, കാലുകളിൽ ധരിക്കപ്പെടുന്ന എല്ലാ കാലുറകളും ഖുഫ്ഫയിൽ പെടും.

**മതവിധിയും തെളിവുകളും**

അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ഏകാഭിപ്രായത്തിൽ ഖുഫ്ഫയിൽ തടവൽ അനുവദനീയമാണ്. ദാസന്മാക്കു ലഘൂകരണമായിക്കൊണ്ടും ക്ലേശത്തിനും പ്രയാസത്തിനും ദൂരീകരണമായിക്കൊണ്ടും അല്ലാഹുവിൽനിന്നുള്ള ഇളവാകുന്നു അത്. തിരുസുന്നത്തും ഇജ്മാഉം ഖുഫ്ഫയിൽ തടവൽ അനുവദനീയമാണെന്നറിയിക്കുന്നു.

തിരുനബി(സ്വ)യുടെ പ്രവൃത്തിയായും കൽപനയായും ഇളവുനൽകിയതായും ഖുഫ്ഫയിൽ തടവുന്നതിനെ സ്ഥിരീകരിക്കുന്ന സ്വീകാര്യയോഗ്യമായ ഹദീസുകൾ ധാരാളം റിപ്പോർട്ടുകളിലൂടെ (മുതവാതിറായി) വന്നിരിക്കുന്നു.

ഇമാം അഹ്മദ്(റഹ്) പറഞ്ഞു: "ഖുഫ്ഫയിൽ തടവൽ അനുവദനീയമാണെന്നതിൽ ഒട്ടും സംശയം എന്റെ ഹൃദയത്തിലില്ല; ആ വിഷയത്തിൽ തിരുനബിയിൽനിന്ന് നാൽപതു ഹദീസുകൾ വന്നിരിക്കുന്നു."

ഹസനുൽബസ്വരി(റഹ്) പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതർ(സ്വ) ഖുഫ്ഫയിൽ തടവിയതായി എഴുപത് സ്വഹാബികൾ എന്നോട് പറഞ്ഞിട്ടുണ്ട്. ജരീർ ഇബ്നു അബ്ദില്ലയിൽനിന്നുള്ള ഹദീസ് അതിലൊന്നാണ്. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതർ മൂത്രിച്ചശേഷം വുദൂഅ് ചെയ്ത് തന്റെ ഖുഫ്ഫയിൽ തടവുന്നത് ഞാൻ കണ്ടു.' ഇബ്റാഹീം പറഞ്ഞതായി അഅ്മശ് പറയുന്നു: 'സൂറത്തു മാഇദയിലെ വുദൂഇന്റെ ആയത്തിനുശേഷമായിരുന്നു ജരീർ ഇബ്നു അബ്ദില്ലയുടെ ഇസ്‌ലാമാശ്ലേഷണം എന്നതിനാൽ ഈ ഹദീസ് അവരെ തൃപ്തിപ്പെടുത്തിയിരുന്നു.''

യാത്രയിലും നാട്ടിൽ താമസിക്കുന്ന വേളയിലും ഖുഫ്ഫയിൽ തടവൽ മതപരമാണെന്നതിൽ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിലെ പണ്ഡിതർ ഏകോപിച്ചിരിക്കുന്നു; തടവേണ്ടതായ ഒരു ആവശ്യമുണ്ടായാലും ഇല്ലെങ്കിലും ശരി.

തോലിനാലല്ലാത്ത, തുണികൊണ്ടോ മറ്റോ ഉള്ള, കാലിൽ ധരിക്കപ്പെടുന്ന ജൗറബുകളിലും തടവൽ

> തദ്ദേശവാസിക്കും ക്വസ്റാക്കി നമസ്കരിക്കുവാൻ അനുവാദമില്ലാത്ത ദൂരപരിധിയിൽ യാത്ര ചെയ്യുന്നവന്നും ഖുഫ്ഫകളിൽ തടവുന്നതിന്റെ സമയപരിധി ഒരു രാവും ഒരു പകലുമാകുന്നു. നമസ്കാരം ക്വസ്വ്റാക്കുവാൻ അനുവദിക്കപ്പെടുമാറ് ദൂരയാത്ര ചെയ്യുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം മൂന്നു രാപ്പകലുകളുമാകുന്നു.. അലിയ്യി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: തിരുനബി(സ്വ) (ഖുഫ്ഫകളിൽ തടവുന്നതിന്റെ സമയപരിധി) യാത്രക്കാരനു മൂന്ന് രാപകലുകളും തദ്ദേശവാസിക്ക് ഒരു രാവും പകലും നിശ്ചയിച്ചിരിക്കുന്നു."

അനുവദനീയമാകുന്നു. അതിനാണ് ഇന്നു ശുർറാബ് (സോക്സ്) എന്നു പറയുന്നത്. ജൗറബും ശുർറാബും പാദങ്ങൾക്ക് ഖുഫ്ഫപോലെ ആവശ്യമായവയാണ്. അവ രണ്ടിലും തടവാൻ ഇളവനുവദിച്ച കാരണവും ഒന്നാണ്. ഖുഫ്ഫയെക്കാൾ അവ ധരിക്കുന്നത് വ്യാപകമായിരിക്കുന്നു. അതിനാൽതന്നെ അവ നെരിയാണിവരെ പാദത്തെ മറയ്ക്കുന്നതാണെങ്കിൽ അവയിൽ തടവൽ അനുവദനീയമാകുന്നു."

## തടവുന്നതിന്റെ നിബന്ധനകൾ

ഖുഫ്ഫയിലും അതിന്റെ സ്ഥാനമലങ്കരിക്കുന്ന പാദരക്ഷകളിലും തടവുന്നതിന്റെ ശർത്വുകൾ:

1. ശുദ്ധിയോടുകൂടി അവ ധരിക്കുക: മുഗീറ(റ)യിൽനിന്നു നിവേദനം: "ഒരു യാത്രയിൽ ഞാൻ തിരുനബി(സ്വ)യോടൊപ്പമായിരുന്നു. തിരുമേനിയുടെ ഖുഫ്ഫകൾ അഴിക്കുവാൻ ഞാൻ കുനിഞ്ഞു. അവിടുന്ന് പറഞ്ഞു: 'അവയെ വിട്ടേക്കൂ. കാരണം ശുദ്ധിയോടെയാണ് ഞാൻ അവ ധരിച്ചിരിക്കുന്നത്.' അനന്തരം നബി(സ്വ) അതിന്മേൽ തടവി."
2. കാലിൽനിന്ന് നിർബന്ധമായും കഴുകേണ്ട ഭാഗം (നെരിയാണിവരെ) അവ മറച്ചിരിക്കണം.
3. അവ അനുവദനീയമായിരിക്കണം: അതിനാൽ തട്ടിയെടുത്തത്, മോഷ്ടിച്ചെടുത്തത്, പുരുഷനു പട്ടിനാലുള്ളത് എന്നിവയിൽ തടവൽ അനുവദനീയമല്ല. കാരണം അവ ധരിക്കൽ കുറ്റകരമാകുന്നു. അതിനാൽ അതിൽ ഇളവ് അനുവദിക്കപ്പെടുകയില്ല.
4. ഖുഫ്ഫ ശുദ്ധമായിരിക്കുക: അതിനാൽ കഴുതത്തോലിൽനിന്ന് എടുക്കപ്പെട്ടതുപോലുള്ള നജസായതിന്മേൽ തടവൽ അനുവദനീയമാകില്ല.
5. മതപരമായി നിജപ്പെടുത്തപ്പെട്ട കാലാവധിയിലായിരിക്കണം തടവൽ: അത് തദ്ദേശവാസിക്ക് ഒരു രാവും പകലും യാത്രക്കാരന് മൂന്നു പകലുകളും രാവുകളുമാകുന്നു.

ഖുഫ്ഫയിൽ തടവുന്നതിന്റെ സാധുതക്കായി തിരുചര്യകളിൽനിന്നും പൊതു തത്ത്വങ്ങളിൽനിന്നും പണ്ഡിതന്മാർ എത്തിച്ചേർന്ന അഞ്ച് ശർത്ത്വുകളാകുന്നു ഇവ. പാദരക്ഷകളിൽ തടവുമ്പോൾ ഇവ പരിഗണിക്കൽ അനിവാര്യമാണ്.

നേർത്തതോ നേരിയ രീതിയിൽ കീറിയതോ ആയ കാലുറകളിൽ തടവുന്നതിൽ കുഴപ്പമില്ല. തടവൽ അനുവദനീയമാണെന്ന വിഷയത്തിൽ വന്ന തെളിവുകളുള്ളതിനാലും പാദരക്ഷകൾ അഴിക്കുന്നതിൽ ക്ലേശമുണ്ടെന്നതിനാലുമാണത്.

## തടവുന്നതിന്റെ രൂപവും രീതിയും

തടവൽ നിയമമാക്കപ്പെട്ട സ്ഥാനം ഖുഫ്ഫയുടെ ഉപരി ഭാഗമാണ്. തടവുക എന്നു പറയപ്പെടാവുന്നത്രയാണ് തടവൽ നിർബന്ധമായത്. ഖുഫ്ഫയുടെ മേൽഭാഗത്തിന്റെ കൂടുതലും തടവുകയെന്നതാണ് അതിന്റെ രീതി. അല്ലാഹുവിന്റെ തിരുദൂതർ(സ്വ) വുദ്വൂഇൽ തന്റെ ഖുഫ്ഫയിൽ തടവിയ രീതി വ്യക്തമാക്കുന്ന, മുഗീറതുബ്നുബ്നു ശുഅ്ബ(റ)യുടെ ഹദീസിൽ ഇപ്രകാരമുണ്ട്: "അല്ലാഹുവിന്റെ റസൂൽ(സ്വ) ഖുഫ്ഫകളിൽ തടവുന്നതു ഞാൻ കണ്ടു; അവയുടെ മേൽഭാഗങ്ങളിൽ."

ഖുഫ്ഫയുടെ അടിഭാഗത്തും മടമ്പിൻഭാഗത്തും തടവൽ അനുവദനീയമോ സുന്നത്തോ അല്ല. അലിയ്യ്(റ) പറഞ്ഞു: "ദീൻ യുക്തിക്കനുസൃതമായിരുന്നെങ്കിൽ ഖുഫ്ഫയുടെ അടിഭാഗമായിരുന്നു മുകൾ ഭാഗത്തെക്കാൾ തടവാൻ കൂടുതൽ യോജിച്ചത്. തിരുനബി(സ്വ) തന്റെ ഖുഫ്ഫയുടെ പുറംഭാഗത്ത് തടവുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്." പുറംഭാഗവും അടിഭാഗവും ഒന്നിച്ചു തടവുന്നത് കറാഹത്താണെങ്കിലും തടവിയത് സാധുവാകുന്നതാണ്.

## തടവുന്നതിന്റെ സമയപരിധി

തദ്ദേശവാസിക്കും ക്വസ്റാക്കി നമസ്കരിക്കുവാൻ അനുവാദമില്ലാത്ത ദൂരപരിധിയിൽ യാത്ര ചെയ്യുന്നവന്നും ഖുഫ്ഫകളിൽ തടവുന്നതിന്റെ സമയപരിധി ഒരു രാവും ഒരു പകലുമാകുന്നു. നമസ്കാരം ക്വസ്റാക്കുവാൻ അനുവദിക്കപ്പെടുമാറ് ദൂരയാത്ര ചെയ്യുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം മൂന്നു രാപ്പകലുകളുമാകുന്നു. അലിയ്യി(റ)ൽനിന്നുള്ള ഹദീസിൽ

ഇപ്രകാരമുണ്ട്: തിരുനബി(സ്വ) (ഖുഫ്ഫകളിൽ തടവുന്നതിന്റെ സമയപരിധി) യാത്രക്കാരനു മൂന്ന് രാപകലുകളും തദ്ദേശവാസിക്ക് ഒരു രാവും പകലും നിശ്ചയിച്ചിരിക്കുന്നു.''

### അസാധുവാക്കുന്ന കാര്യങ്ങൾ

താഴെവരുന്ന കാര്യങ്ങൾകൊണ്ട് ഖുഫ്ഫകളിൽ തടവുന്നത് ബാത്വിലാകും:

1. കുളിയെ നിർബന്ധമാക്കുന്ന കാര്യങ്ങളുണ്ടായാൽ തടവുന്നത് അസാധുവാകും. സ്വഫ്‌വാൻ ഇബ്നുസ്സാലി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "യാത്രയിലാണെങ്കിൽ മൂന്നു പകലും രാത്രിയും ഞങ്ങളുടെ ഖുഫ്ഫകൾ അഴിക്കേണ്ടതില്ലെന്ന് തിരുനബി(സ്വ) ഞങ്ങളോട് നിർദേശിക്കാറുണ്ടായിരുന്നു; ജനാബത്തുണ്ടായാലല്ലാതെ.''
2. പാദത്തിന്റെ ചില ഭാഗങ്ങൾ വെളിവായാൽ തടവൽ അസാധുവായി.
3. ഖുഫ്ഫകൾ അഴിച്ചാൽ തടവൽ അസാധുവായി. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായ പ്രകാരം രണ്ടിലൊരു ഖുഫ്ഫ അഴിച്ചാലും അവ രണ്ടും അഴിച്ചതുപോലെയാണ്.
4. തടവാനുള്ള സമയപരിധി തീരൽ: കാരണം നിയാമകനായ അല്ലാഹുവിൽനിന്നുള്ള നിശ്ചിതമായ സമയത്തിൽ ബന്ധിതമാണ് ഖുഫ്ഫയിൽ തടവൽ. അതിനാൽതന്നെ അംഗീകരിക്കപ്പെട്ട കാലപരിധിയെക്കാൾ അധികമാക്കൽ അനുവദനീയമല്ല. സമയപരിധിയെ അറിയിക്കുന്ന ഹദീസുകൾ അതാണല്ലോ മനസ്സിലാക്കിത്തരുന്നത്.

### തടവാനുള്ള സമയത്തിന്റെ തുടക്കം

പാദരക്ഷ ധരിച്ചതിൽപിന്നെ അശുദ്ധിയുണ്ടായ ശേഷം (ശുദ്ധി വരുത്തി) ആദ്യമായി അതിൽ തടവുന്നത് മുതലാണ് സമയം തുടങ്ങുന്നത്. ഒരു വ്യക്തി സ്വുബ്ഹി നമസ്കാരത്തിനു വുദൂഅ് ചെയ്തു ഖുഫ്ഫ ധരിച്ചു. സൂര്യോദയത്തിനുശേഷം അയാൾക്ക് വുദൂഅ് നഷ്ടമായി. അയാൾ വുദൂഅ് ചെയ്തില്ല. പിന്നീട് ദ്വുഹ്ർ നമസ്കാരത്തിനു മുമ്പാണ് അയാൾ വുദൂഅ് ചെയ്യുന്നത്. അപ്പോൾ ദ്വുഹ്ർ നമസ്കാരത്തിനു മുമ്പ് വുദൂഅ് ചെയ്തതു മുതലാണ് സമയം തുടങ്ങുന്നത്. സൂര്യോദയവേളയിൽ അശുദ്ധിയുണ്ടായ സമയം മുതലാണ് തടവാനുള്ള സമയം തുടങ്ങുന്നതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

### ജബീറയിലും തലപ്പാവിലും മുഖമക്കനയിലും തടവൽ

ശരീരത്തിലേൽക്കുന്ന മുറിവുകൾ കൂടുവാനും ശരിപ്പെടുവാനും ബന്ധിക്കപ്പെടുന്ന കോലുകളും അതുപോലെ ബാൻഡേജ് പോലുള്ളവയുമാണ് 'ജബീറ.' അതിന്മേൽ തടവാവുന്നതാണ്. ഇപ്രകാരം മുറിവുകളിൽ വെക്കപ്പെടുന്ന പ്ലാസ്റ്ററുകൾ, ബാൻഡേജുകൾ എന്നിവയിലും തടവാവുന്നതാണ്. ആവശ്യത്തിന്റെ അളവനുസരിച്ചെന്ന നിബന്ധനയോടെ ഇവകളിലെല്ലാം തടവാം. ഇവ ആവശ്യമായ അളവിനെ മറികടന്നിട്ടുണ്ടെങ്കിൽ അധികമായത് അഴിച്ചുമാറ്റൽ അനിവാര്യമാണ്.

വലിയഅശുദ്ധിയിൽനിന്നും ചെറിയഅശുദ്ധിയിൽനിന്നും ശുദ്ധിയാകുവാൻ അവയിൽ തടവൽ അനുവദനീയമാണ്. അതിനു സമയപരിധിയില്ല. പ്രത്യുത അത് അഴിച്ചുമാറ്റുന്നതുവരേക്കും അല്ലെങ്കിൽ അസുഖം ഭേദപ്പെടുന്നതുവരേക്കും തടവാവുന്നതാണ്. ജബീറയിൽ തടവൽ നിർബന്ധാവസ്ഥയാണ്. നിർബന്ധാവസ്ഥയാകട്ടെ അതിന്റെ അളവനുസരിച്ച് കണക്കാക്കപ്പെടണം. അതിൽ വലിയഅശുദ്ധി, ചെറിയഅശുദ്ധി എന്നീ വ്യത്യാസങ്ങളില്ല. ഈ തത്ത്വമാണ് ജബീറയിൽ തടവുന്നതിന്റെ തെളിവ്.

ഇപ്രകാരം അമാമയിലും (തലപ്പാവ്) തടവൽ അനുവദനീയമാകുന്നു. തല മുഴുവനും ചുറ്റിക്കെട്ടുന്നതാണ് അമാമ. മുഗീറതുബ്നു ശുഅ്ബ(റ)യിൽനിന്നുള്ള ഹദീസാണ് ഈ വിഷയത്തിൽ തെളിവ്: "തിരുനബി(സ്വ) തന്റെ തലപ്പാവിന്മേലും മൂർദ്ധാവിന്മേലും ഖുഫ്ഫകളിലും തടവി.''

"തിരുദൂതർ(സ്വ) ഖുഫ്ഫയിന്മേലും തലപ്പാവിന്മേലും തടവി.''

ഇവയിൽ തടവാൻ ഒരു നിശ്ചിത സമയപരിധിയില്ല. എന്നാൽ ഒരാൾ സൂക്ഷ്മതയുടെ ഭാഗമായി ശുദ്ധിയുടെ അവസ്ഥയിൽ അവ ധരിക്കുകയും ഖുഫ്ഫയിന്മേൽ തടവുന്ന സമയപരിധിയിൽ അവയുടെ മേൽ തടവുകയുമായാൽ അതു നല്ലതാണ്.

സ്ത്രീയുടെ തല മറയ്ക്കുന്നവിധത്തിലുള്ള ശിരോവസ്ത്രത്തിന്മേൽ തടവാതിരിക്കലാണ് ഉത്തമം. എന്നാൽ അത് അഴിക്കുന്നതിൽ വല്ല പ്രയാസവുമുണ്ടാവുകയോ തലയിൽ രോഗമോ മറ്റോ ഉണ്ടാവുകയോ ആയാൽ അതിന്മേൽ തടവാം. തലയിൽ മൈലാഞ്ചി പോലുള്ളത് തേച്ചുപിടിപ്പിച്ചതാണെങ്കിലും അതിന്മേൽ തടവൽ അനുവദനീയമാണ്. തിരുനബിയുടെ ചര്യ ആ വിഷയത്തിലുണ്ട്.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*



# ബലിപെരുന്നാൾ

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

ബലിപെരുന്നാൾ ആനന്ദിക്കുവാനും ആഘോഷിക്കുവാനുമുള്ളതാണ്. എന്നാൽ അതോടൊപ്പം അത് ആരാധനയും കൂടിയാണെന്നത് മറക്കാതിരിക്കുക. ഈ സന്തോഷാവസരത്തിലും വിശ്വാസികൾ മുഴക്കേണ്ട ശബ്ദം 'ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹി ൽഹംദ്' എന്നതായിരിക്കണം. ഏകദൈവ വിശ്വാസ പ്രചാരണത്തിന് ഇബ്റാഹീം നബി(അ)യും ഇസ്മാഈൽനബി(അ)യും വരിച്ച ത്യാഗചരിത്രമനുസ്മരിക്കുന്ന സന്ദർഭമാണിത്.

### പെരുന്നാൾ നബിചര്യയിൽ

തക്ബീർ ചെല്ലൽ: അറഫാദിവസം പ്രഭാതം മുതൽ അയ്യാമുത്തശ്രീകിന്റെ അവസാനദിവസം അസ്ർ വരെയാണ് അതിന്നു നിശ്ചയിക്കപ്പെട്ടസമയം. അത് പള്ളികളിലും അങ്ങാടികളിലും വഴികളിലുമെല്ലാം വെച്ച് ചൊല്ലാവുന്നതാണ്. പെരുന്നാൾ ദിവസങ്ങളിൽ കുളിച്ച് സുഗന്ധം പൂശി നല്ല വസ്ത്രങ്ങൾ അണിയുകയെന്നുള്ളത് പ്രവാചകൻ (സ്വ) പ്രത്യേകം നിർദേശിച്ച കാര്യമാണ്. പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പോകുന്നതും വരുന്നതും കഴിവതും നടന്നുകൊണ്ടും വേറെ വേറെ വഴികളിലൂടെ ആയിരിക്കലുമാണ് നബിചര്യ.

വിശ്വാസികളുടെ ആഘോഷവും ആരാധനയിൽ അധിഷ്ഠിതമാണെന്ന് സൂചിപ്പിച്ചു. പെരുന്നാൾ ദിവസത്തെ ഏറ്റവും പ്രധാന ആരാധന പെരുന്നാൾ നമസ്കാരം തന്നെയാണ്. പെരുന്നാൾ നമസ്കാരം കഴിയുന്നത്ര നേരത്തെ നിർവഹിക്കലാണ് നബി(സ്വ)യുടെ മാതൃക. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളും (സ്ത്രീകളടക്കം) ഈദ്ഗാഹിൽ (മൈതാനത്ത്) ഒരുമിച്ചുകൂടണം. പള്ളികളിൽ പ്രവേശിക്കൽ പാടില്ലാത്ത ആർത്തവകാരികളായ സ്ത്രീകൾപോലും നമസ്കാരത്തിന് നിശ്ചയിക്കപ്പെട്ട ഈദ്ഗാഹിൽ പങ്കെടുത്ത് തക്ബീറുകളിലും പ്രാർഥനകളിലും മറ്റും പങ്കെടുക്കണം. അവർ നമസ്കാരത്തിൽനിന്ന് വിട്ടുനിൽക്കണമെന്ന് മാത്രം. ഇമാമോടുകൂടി രണ്ടു റക്അത്ത് നമസ്കരിച്ച്, ശേഷം ഇമാം നടത്തുന്ന ഖുത്വുബ (പ്രഭാഷണം) ശ്രവിക്കണം. മഴയോ മറ്റു വല്ല അസൗകര്യങ്ങളോ ഉള്ളപ്പോൾ പള്ളികളിൽവെച്ചും നമസ്കരിക്കാവുന്നതാണ്. എന്നാൽ ഈ വിഷയത്തിലെ പ്രവാചകചര്യ ഈദ്ഗാഹിൽ വെച്ച് നമസ്കരിക്കൽ തന്നെയാണ്.

പെരുന്നാൾ സുദിനത്തിൽ അതിരുവിടാത്ത ആനന്ദവും വിനോദവുമെല്ലാം ഇസ്ലാം അനുവദിക്കുന്നു. ആഇശ(റ) പറയുന്നു: "ഒരിക്കൽ അബൂബക്ർ(റ) എന്റെ അടുക്കലേക്ക് കടന്നുവന്നു, അന്നേരം അൻസ്വാരി പെൺകുട്ടികൾ ബുആസ് യുദ്ധത്തെ പറ്റിയുള്ള പാട്ടുകൾ പാടുകയായിരുന്നു. ഉടനെ അബൂബക്ർ (അതിനെ ആക്ഷേപിച്ച് ഇങ്ങനെ പറഞ്ഞു:) 'നബിയുടെ വീട്ടിലാണോ പിശാചിന്റെ കുഴലൂത്ത്?' അന്നേരം നബി (സ്വ) പറഞ്ഞു: 'അബൂബക്റേ, ഇന്ന് പെരുന്നാളല്ലേ? അവരെ വിട്ടേക്കുക. അവർ പാടിക്കൊള്ളട്ടെ" (സ്വഹീഹ് മുസ്ലിം)

മറ്റൊരിക്കൽ ഒരു പെരുന്നാളിൽ എത്യോപ്യക്കാർ മദീനാപള്ളിയിൽ ആയുധാഭ്യാസപ്രകടനം നടത്തുകയും നബി(സ്വ) അന്നേരം ആളുകളിൽനിന്നും എനിക്കു മറയെന്നോണം നിന്നുതരികയും ഞാൻ നബിയുടെ ചുമലിലൂടെ അത് കാണുകയും ചെയ്തു എന്ന് ആഇശ(റ)യിൽനിന്നും ഇമാം മുസ്ലിം ഉദ്ധരിക്കുന്നുണ്ട്. അതുകൊണ്ട് നിഷിദ്ധമല്ലാത്തതും ഉപകാരപ്രദവുമായ വിനോദങ്ങൾ സംഘടിപ്പിച്ച്, യുവാക്കളെയും കുട്ടികളെയും വൃത്തികേടുകളിലേക്കും മറ്റു തെറ്റായ മാർഗങ്ങളിലേക്കും തിരിയുന്നതിൽനിന്ന് തടയാൻ നാം ഏറെ ശ്രദ്ധിക്കേണ്ടതാണ്. ദാനധർമങ്ങൾ അധികരിപ്പിക്കൽ, കുടുംബസന്ദർശനം, മറ്റു മതസ്ഥരുമായുള്ള സൗഹാർദം ഊട്ടിയുറപ്പിക്കൽ എന്നിവയ്ക്കും ഈ സുദിനം ഉപയോഗപ്പെടുത്താൻ നാം ശ്രമിക്കേണ്ടതാണ്. ■



# ദാമ്പത്യജീവിതത്തിലെ അസ്വാരസ്യങ്ങൾ

സമീഹ എം. അലി

പ്രക്ഷുബ്ധമായ ജീവിത സാഹചര്യങ്ങളിലൂടെയാണ് ആധുനിക സമൂഹം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഏതു രംഗമാണിന്ന് പ്രക്ഷുബ്ധമല്ലാത്തത്? രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ, സാമൂഹിക രംഗങ്ങളിൽ, വൈയക്തിക ബന്ധങ്ങളിൽ...എല്ലാ രംഗങ്ങളിലും അസ്വാരസ്യങ്ങൾ പടർന്നുകൊണ്ടിരിക്കുന്നു.

ദാമ്പത്യബന്ധത്തിൽ അസ്വാരസ്യം പടരുന്നത് കുടുംബങ്ങളെ മാത്രമല്ല സമൂഹത്തെ തന്നെ ദോഷകരമായി ബാധിക്കുമെന്നതിൽ സംശയമില്ല. മനഃസംഘർഷങ്ങൾ പേറി ജീവിക്കുന്നവർക്കിടയിൽ എന്ത് സമാധാനമാണ് ഉണ്ടാവുക? മനഃസമാധാനം കൊതിക്കുന്ന പലരും വ്യാജ ആത്മീയ അനുഭൂതികൾ ലഭിക്കുന്ന താവളങ്ങളിൽ ചെന്ന് വീഴുന്നു. അവസാനം എല്ലാം തകർന്നടിഞ്ഞ് മാനസിക രോഗികളായി മാറുന്നു.

അലകടൽ പോലെ ആർത്തിരമ്പുന്ന മനസ്സുകൾക്ക് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൊണ്ട് ശാന്തി ലഭിക്കുമെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. ഒരു കൊച്ചു മേൽക്കൂരക്കു കീഴിൽ അന്തിയുറങ്ങുന്ന ദമ്പതികളും അവരുടെ മക്കളുമെല്ലാം ഇസ്‌ലാമിന്റെ തനതായ ആത്മീയ വഴിയിൽ സഞ്ചരിക്കുന്നവരാണെങ്കിൽ അതുകൊണ്ട് ലഭിക്കുന്ന മനഃസമാധാനം അവർണനീയമായിരിക്കും. സുഖദുഃഖ സമ്മിശ്രമായ ജീവിതത്തെ പരിപക്വമായ സമീപനങ്ങൾകൊണ്ട് അവർ സാർഥകമാക്കും.

സ്ഫോടനാത്മകമായ സ്ഥിതിവിശേഷങ്ങൾ മാനുഷിക ബന്ധങ്ങൾക്കിടയിൽ രൂക്ഷമാകുന്നതിന്റെ പ്രധാന കാരണം ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്നുള്ള വ്യതിചലനമാണെന്ന് കാണാനാവും. ദമ്പതികൾക്കിടയിലെ അസ്വാരസ്യങ്ങൾക്കും അന്തഃഛിദ്രതകൾക്കും കാരണം ഇതുതന്നെയാണ്. സുഭദ്രമായ അസ്തിവാരത്തിൽ സമാരംഭം കുറിച്ച വൈവാഹിക ബന്ധത്തിലെ വിള്ളലുകൾ അപരിഹാര്യമായി തുടരുന്ന പ്രവണതയാണ് ഇന്നുള്ളത്. സകുടുംബം ജീവനൊടുക്കിയതിനെ കുറിച്ചുള്ള വാർത്തകൾ പുറത്തുവരുമ്പോൾ എന്തിനിവർ ഈ കടുംകൈ ചെയ്തു എന്ന് നാം നമ്മോടുതന്നെ ചോദിക്കാറുണ്ട്. നീറിപ്പുകയുന്ന അന്തരംഗങ്ങളുമായി അഭിനയിച്ചു കഴിച്ചുകൂട്ടുന്നവർക്ക് നില തെറ്റുകയും സ്വയം നാശത്തിലേക്ക് ചാടേണ്ടിവരികയും ചെയ്യുന്നു. ഊഷ്മളമായ ദാമ്പത്യജീവിതം നയിക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടേയിരിക്കുന്നു എന്നത് യാഥാർഥ്യമാണ്.

ഇഹലോകത്ത് മാത്രമല്ല പരലോകത്തും കുടുംബസമേതം ജീവിക്കുവാൻ കഴിയുക എന്ന ഉദാത്തമായ ലക്ഷ്യം കൈവരിക്കുവാനാണ് ഇസ്‌ലാം വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്. എന്നാൽ ഇത് മനസ്സിൽ വിഭാവന ചെയ്യാൻ പോലും കഴിയാത്തവണ്ണം മാനസികമായി ജീവിതപങ്കാളിയോട് വെറുപ്പു നിറഞ്ഞ മനസ്സുമായാണ് പലരും ജീവിക്കുന്നത്. യഥാർഥത്തിൽ പിണഞ്ഞ അബദ്ധങ്ങളത്രയും ഇസ്‌ലാമികമായ അവബോധമില്ലായ്മയാലോ അറിഞ്ഞത് പ്രാവർത്തികമാക്കാൻ ശ്രമിക്കാത്തതിനാലോ ആയിരിക്കാം.

'പുരുഷൻ അവന്റെ കൈവിരൽ തുമ്പുവരെ പുരുഷൻ തന്നെയാണെന്നും സ്ത്രീ കാൽവിരൽ വരെ സ്ത്രീയാണെ'ന്നുമുള്ള പ്രമുഖ ലൈംഗിക ശാസ്ത്രജ്ഞനായ 'ഹാവ് ലോക്ക് എല്ലിസ്'ന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. പുരുഷ-സ്ത്രീ അണ്ഡ-ബീജങ്ങൾക്ക് ഇടയിൽ പോലും സ്രഷ്ടാവ് സന്നിവേശിപ്പിച്ചിട്ടുള്ള ആ വ്യതിരിക്തത ശ്രദ്ധേയമാണ്. ചടുലമായി നീക്കങ്ങൾ നടത്തുന്ന പുംബീജവും ശാലീനയായി നാണം കുണുങ്ങി പതിയിരിക്കുന്ന സ്ത്രീയുടെ അണ്ഡവും സ്ത്രീ-പുരുഷ ബന്ധങ്ങളുടെ ഉത്തമ നിദർശനങ്ങളാണ്. അടിത്തറയിൽനിന്ന് ഉൽഭവിക്കുന്ന ഈ വൈജാത്യങ്ങൾ മൊത്തം മനുഷ്യരുടെ സ്വഭാവ പ്രകൃതങ്ങളിലെല്ലാം നിഴലിച്ചതായി കാണാം.

തന്റെ ഇണയുടെ സ്വഭാവത്തിലും പ്രകൃതത്തിലുമുള്ള മേന്മകളെയും കുറവുകളെയും ഉൾക്കൊള്ളുവാൻ പങ്കാളിക്ക് സാധ്യമാകണം. പരസ്പരമുള്ള പൊരുത്തക്കേടുകൾ ഒരുനിലയ്ക്കും വച്ചുപൊറുപ്പിക്കില്ലെന്ന് തീരുമാനിച്ചാൽ സദാ പൊട്ടലും ചീറ്റലുമായിക്കഴിയുന്ന സമാന്തര രേഖകളായി ദാമ്പത്യം മാറും.

WISDOM students



“അക്ഷര
വെളിച്ചത്തിനൊരു
കൈത്താങ്ങ്”

# വിദ്യാനിധി
## സ്കൂൾ കിറ്റ്

ഒരു കുട്ടിക്ക്
**₹800**

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

| | |
|---|---|
| Account | STATE BANK OF INDIA |
| Customer Name | : WISDOM ISLAMIC STUDENTS ORGANIZATION |
| Account Number | : 40078735595 |
| Branch Name | : PALAYAM |
| Branch IFSC | : SBIN0008635 |
| UPI ID | WISDOMISLAMICSTUDENTSCALICUT@SBI |

SCAN AND PAY

Collect Your Reciept
7560 902 902

*For Queries : 8281 083568, 9072 542 542*

Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
08 JUNE 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# ഉടൻ പുറത്തിറങ്ങുന്നു.

WISDOM BOOKS

**ഫലസ്തീനിന്റെയും യഹൂദരുടെയും
ചരിത്രവും വർത്തമാനവും
പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന**




ഇപ്പോൾ ബുക്കു
ചെയ്യുന്നവർക്ക്
200 രൂപയുടെ
പുസ്തകം
150 രൂപക്ക്*

*Parcel Charge Extra

**യഹൂദരും ഫലസ്തീനും**
**ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും**

**ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**




+91 7356 766 478
http://www.wisdombooksonline.com